PRESIDENT : Order, order. I cannot possibly allow discussion on that matter now. This is a report which has reached me just two hours ago. I am perfectly prepared to admit that it is possible that the report is inaccurate. I have known inaccurate reports being sent to me. If the honourable member will kindly let me have a note pointing out where the inaccuracy is and if he will do me the honour of seeing me on the question, I will make enquiries. At this juncture, when, as a matter of fact, one million and a quarter people are on strike in the United States—we incidentally, are suffering from it because some of the machinery we have ordered from America are not coming—one naturally cannot keep quiet when a strike situation threatens. The report on which I have made my statement is one which I have read. If it is wrong, and if the honourable member can correct me, I will make the correction as readily and as openly as I have made the statement.

MR. S. SANKARANARAYANAN TAMPI : I would just correct the report.

PRESIDENT : No.

MR. S. SANKARANARAYANAN TAMPI : I would also request you to correct the responsible statement made in the House.

PRESIDENT : Yes, but the House is not meeting after to-day. I will make the statement to the other House.

NON-OFFICIAL LEGISLATIVE BUSINESS.

THE TRAVANCORE ANTI-DOWRY BILL.

MR. A. P. UDAYABHANU : Yesterday I was trying to point out that this Bill is not meant to serve its purpose. There is some attempt in clauses 3 and 4 to prevent the giving of dowry. In clause 3, it is stated that gifts that are voluntarily and spontaneously given out of love and natural affection could extend up to an amount of Rs. 1,000. But if it is given out of natural love and affection, I do not understand why the amount should be restricted to Rs. 1,000.

But the most appalling things are in Clauses 7, 8 and 9. In Clause 7 it is given that only 'Travancore residents shall be qualified to point out the offence under this Bill. And Clause 8 wants a tribunal to be set up to examine the offence. It is also laid down that the cost of the tribunal shall be borne by the party found to be at fault. So the unfortunate man who fails to prove his case will have to pay the cost. Then again the cost will be tremendous because a special tribunal has to be set up and the whole thing will have to be dealt with in camera. All things considered, this Bill is not seriously meant. It is purely for advertisement purpose, because in all these proceedings, the possible culprit is sufficiently safeguarded. The Bill gives to the man who takes it into his head to point out a culprit, this warning that, 'you shall not dare to point out him because you will be held responsible if you do not successfully prove your case. So this is only a propaganda stunt and nothing more. It is a futile Bill, it has no value, it is of no use.

LIBRARY ARCHIVES Kerala Legislative Assembly

The spirit that underlies this Bill is that woman should have equal status with man in Society. She must have her place in society. But does this Bill in any way improve her position? We have to do first things first, and legislation has to be in relation to the existing system of law and the existing social conditions. According to the existing social conditions, there are women who have a position equal to that of men in the family property, and there are also women who have not this right by birth. With regard to the latter class of women, their only claim to their paternal property is the Stridhanam. If we deprive the woman of that, her plight would be very sad. So this Bill does not help those women who have no right to their paternal property. This Bill has to be preceded by a Bill which will give woman equal status with man in society and give her equal claim to paternal preperty with her brother. So to bring up this Bill before such a Bill is inappropriate.

Moreover, the sentiment against dowry has to be promoted not by a Bill. The public conscience must revolt against the acceptance of dowry. For my part, I have absolute contempt for a man who would marry only Miss Fortune. Society must develop a contempt for the man who would hold himself out for auction in the marriage market. And woman should have the self-respect to spit on the face of the man who says that he will accept her hand only with money. In that way, society has to develop moral sanctions against this custom. The Bill will in no way improve the position of woman in society. Therefore I oppose it.

MR. T. K. NARAYANA PILLAI: Sir, I am in the fullest sympathy with the Bill which Srimati Narayani Amma has brought forward. I have no doubt in my mind that this is a social evil which must be eradicated. In spite of that, I am not in a position to lend my support to her Bill. My reasons are these. This is a matter which will affect almost every household in the country. Therefore, I am definitely of the opinion that the Assembly which will come to office after the reconstitution will be in a better position to consider a measure such as this. After all, this Assembly is not so representative of the people as will be the newly constituted one. I have no doubt that the reconstituted assembly will be one consisting mostly of proletarians representing the proletarians and in my humble opinion, those who are going to be most affected by a bill of this kind will be the poorer classes. The question so far as it affects the richer man is not so important. It is easy for a rich man to defeat the provisions of this Bill even if it is passed into law. Take, for instance, the man who has got lakhs of rupees as his cash balance in the Bank. Suppose he wants to give Rs. 50,000 to his child as dowry. It is easy for him to draw the money on the first of Chingom, arrange for the marriage to be conducted in Medom and to manage to disburse the money sometime in the meanwhile. Who is going to detect this offence and how is it possible to bring him to book? It will not be possible, by this Bill

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. K. Narayana Pillai]

becoming law, to bring to book an offender if he is a rich man. And yet it is likely to act as a drag on the poor man. Suppose a poor man with just two acres of land and no ready cash with him, wants to get his daughter married. He has to sell a portion of his land and pay the dowry. It will not be possible for him to hide his offence. Therefore, if it is a poor man who commits the offence, it is easy to bring him to book, whereas if it is a rich man, he will very easily evade the law. So it will work hardship on the poor man, while at the same time the rich will escape. Since this aspect of the question weighs very heavily with me, it is very difficult for me to lend my support to this Bill; not that I am wanting in sympathy with the sentiments of Srimati Narayani Amma. But this being the case, it is very difficult for me, and it is impossible for me to lend my support to this Bill.

Another very important consideration is that large and influential communities in the country are dead against the provisions of this Bill. There are already misunderstandings between various communities. We shall not add to it, by any of our decisions. Such being the case, is it just on our part to accept this Bill and thereby unloose forces which may cause further bitterness in the country. For this reason also, I am inclined not to lend my support to this Bill. I would request Srimati Narayani Amma not to misunderstand my attitude. We oppose the Bill not on account of lack of sympathy with her, but on grounds of sheer expediency. If in the fullness of time, the future Assembly considers this measure, I have little doubt that her suggestions will be accepted and appropriate measures will be passed. If this evil of dowry affects any set of people, it is the poorer classes of society and the women of those classes. I am sure that in the future Legislature, these classes will be fully represented in this Assembly. And I have no doubt that they will raise their voice of protest against this social evil and then it will be impossible for any reactionary to stand against the tremendous forces that will be upholding the Bill. So I would request Srimati Narayani Amma not to press this motion, however laudable may be the object she has in mind just now, but to reserve it for a future occasion. I have no doubt she will come back into the new Legislature and be in a position to pilot this Bill through the future Assembly. If by any means, I happen to be here then, I have no hesitation in saying that I will wholeheartedly support the measure then. For the time being, I have no other alternative but to be guided by the reasons of expediency.

I am again making use of this opportunity to say that this is not the only social evil on which legislation is necessary. There are other blots on society which I hope the new Assembly will be able to remove by legislation. Opposed as I am to the main provisions in the new Reforms, I am definitely of opinion that the reconstituted Assembly will unleash forces which will, in the fulness of time, sweep

LIBRARY ARCHIVES Kerala Legislative Assembly

away all obstacles that now stand in the way of human progress. When this is the position, will there be any difficulty to pilot through a measure of this kind at that time? Therefore, once again I am requesting Srimati Narayani Amma to withdraw this Bill for the time being, so that we may pilot this measure with greater strength, greater energy and with greater support later on.

MR. A. P. UDAYABHANU: Is it the opinion of the honourable member that this Assembly is unfit to pass this legislation?

MR. T. K. NARAYANA PILLAI: I must say that it is not a question again of unfitness or otherwise. It is a question of pure expediency. This Assembly does not represent the proletariat as it would represent when it is reconstituted. Nobody is going to be affected if this Bill, which affects more the proletariat—than anybody else—is postponed. It is the working classes that must have a final say in the matter. They constitute the majority in the State. It is the working classes that must draft a legislation on a matter of this kind. As I said, if this measure is placed on the Statute Book, it will affect every home in the State. Therefore, is it not just and proper that a reconstituted Assemby considers this Bill rather than an Assembly which now, when all is said and done, consists only of representatives of middle classes and richer classes? Therefore, it is purely as an expediency that I am suggesting that the consideration of the Bill may be postponed.

PRESIDENT: The honourable member cannot make a speech.

MR. T. K. NARAYANA PILLAI: I am sorry. I was answering a question put to me.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know from the member whether he accepts the principle of the Bill in general in spite of the question of expediency?

MR. T. K. NARAYANA PILLAI: I do not propose to answer that question.

MR. K. T. MICHAEL: Sir, after reading through the Bill and listening to the speech delivered by the mover of the Bill, I wish to know as to whom this Bill is intended to benefit. From some I was given to understand that this was intended to benefit the girls while from others that it was intended to benefit the parents. So far as Christians are concerned, I must say that this Bill is not welcomed either by the parents or the girls. This Bill comprehends all the communities of the State, communities that follow different laws of succession, different customs and practices, some of the major communities being Nayars, Christians, Ezhavas and Muslims. It may be seen that the Nayar girls have a right of inheritance to the family property. The Muslim girls also have a right of inheritance, and a section of the Ezhava community has also the right to inherit the

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. T. Michael]

family property. The Christian girls have not got the right of inheritance. My friend Mr. Kesavan Nair has been saying that the Christian Law allows Christian girls the right of succession to the parents' properties. That is not so. The Christian girls have no right of inheritance. That being so, to bring in all the communities together under the Anti-Dowry Bill is very unjust. Probably, it may be all right as far as the Nair girls are concerned. They are entitled to a portion of the property. So they may not be given any dowry at all. It may be equally right in the case of Ezhavas and Muslims, but not in the case of Christians. This is not the sort of legislation which we expect to be sponsored by a lady member of the Assembly. In these days, when Travancore is proclaimed to be one of the most progressive States of India, when women are claiming equality with men in economic status, in chances of life and in all walks of life, is it proper to throw upon the shoulders of the girls of a major community in the State a disability which tanttamounts to their practical disinheritance? Every parent is not prepared to pay as much money to his daughter as he is capable of. This law does not permit the parent to provide for his daughter according to the measure of his capacity. It prohibits him from paying any dowry at all. This Bill is intended to help the miserly parent and not his daughter who is born a girl for no fault of hers. This side of the picture should be looked into. That is my idea.

Mr. K. R. Narayanan has been saying that if the dowry system is given up, then there is a chance for the boys to marry any girl and that the difficulty of marriage will be solved at once. It is not a question of money that stands in the way of finding suitable husbands. There are a lot of other considerations and those considerations cannot be avoided by legislation. Further, he has been saying that the women-folk of the Christian community have not voiced forth their objection to this Bill, and therefore it may be taken that the Christian women are agreeable to the Bill. I must say to Mr. K. R. Narayanan that the Christian women have got complete confidence in their men and that they know that their interests are safe in our hands. I must say again that if we go back with our support given to the Anti-dowry Bill, our women, daughters and sisters, who we know are intelligent, will ask: "What have you done? Are you going to send us out of your homes without giving us anything? Is that fair?" I may say that the Christian men are not going to do that.

MR. CHAZHIKATTU JOSEPH : ഈ ബില്ലിനെ സപ്പോർട്ട് ചെയ്യാതെ തിരിച്ചുചെന്നാൽ വീട്ടിൽ കേറുകയില്ലെന്നാണോ മെമ്പർ വിചാരിക്കുന്നത് ?

MR. K. T. MICHAEL : Certainly not. But they will raise their objection. They know perfectly well that we are not going to agree to this proposition. This is a thing which we do not want. This is a

LIBRARY ARCHIVES Kerala Legislative Assembly

social legislation. The initiative should come from the society. Sry. Narayani Amma has been saying that in Travancore after all, the demand for suppressing this supposed evil is not very great. The dowry evil, she admits, is not very great in Travancore. She has been induced to sponsor this Bill because there has been some speeches outside Travancore by some eminent women against the dowry system. We are not concerned with the situation outside Travancore. She says that Travancore is a progressive State and so we shall not lag behind. We must have some legislation which will catch the eye of the public. I must say that we do not want to create such a situation. We are not for such cheap popularity. Therefore, I would request the mover of the Bill to withdraw it. It is against the sense of almost all the communities that are affected by it. If any particular community wants such a legislation, the members of that community must make a demand and then it may be considered. If such a Bill is brought by a member belonging to the Nair, Muslim or Ezhava community to improve their condition and if this Bill has the support of the community affected by it, I shall not oppose it. I have no objection to each community trying to improve its condition. So far as the Christians are concerned, before any law is thrust upon them, their opinion should be ascertained and respected. On these grounds, I oppose the Bill.

MR. CHAZHIKATTU JOSEPH : അൻറിഡൌറിബിൽ എതിർക്കുന്നതായിട്ട ക്രിസ്ത്യാനികൾ പല യോഗങ്ങൾ കൂടി നിശ്ചയങ്ങൾ പാസ്സാക്കിയിട്ടുള്ളതായി മെംബറിന് അറിയാമോ?

MR. K. T. MICHAEL : നിശ്ചയങ്ങൾ പാസ്സാക്കിയിട്ടുണ്ടെന്നു മാത്രമല്ല, ക്രിസ്ത്യാനികൾ പൊതുവെ ഇതിനെ എതിർക്കുന്നു എന്നും എനിക്കറിയാം.

MR. K. R. NARAYANAN: ഏതെങ്കിലും ഒരു യോഗത്തിൽ ക്രിസ്ത്യാനിസ്ത്രീകൾ ഈ ബില്ലിനെ എതിർത്തിട്ടുണ്ടോ?

MR. K. T. MICHAEL : ഞങ്ങളുടെ സ്ത്രീകൾ ഒരിക്കലും ഈ ബില്ലിനെ അനുകൂലിക്കുന്നില്ല എന്നു ഞങ്ങൾക്കറിയാം.

MR. CHAZHIKATTU JOSEPH : ക്രിസ്ത്യാനികൾ പൊതുവെ ആ ബില്ലിനെ എതിർക്കുന്ന സ്ഥിതിക്ക് ക്രിസ്ത്യാനികൾക്കു വിപരീതമായി നിയമസഭയിൽ ഈ ബില്ലു പാസാക്കുന്നപക്ഷം ഭൂരിപക്ഷം ന്യൂനപക്ഷത്തെ അമർത്തുന്നു എന്നു വിചാരിക്കുന്നതിൽ തെറ്റുണ്ടോ?

MR. K. T. MICHAEL : ഈ സഭയിൽ അപ്രകാരം ഈ ബില്ല് പാസ്സാക്കപ്പെടുമെന്നു ഞാൻ വിചാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. P. O. THOMAS: Though I had not the pleasure of hearing Sry. Narayani Amma when she moved the Bill, I am constrained to oppose the Bill and place the following aspects for her consideration. In a social legislation like this which affects the right of marriage of the citizens of the State, the law prevailing in the sister State and the adjoining countries has to be considered. It may be noted that especially we in the North have numerous marriage alliances with the people in the Cochin State and in British Malabar. As I understand there is no anti-dowry law either in the Cochin State or in British India. So, a social legislation like this will create want of homogeneity in social laws and that will place a lot of impediments among the people of the State in entiring into marriage alliance with the people of the neighbouring countries. Most of the Christian families in North Travancore have close relatives in the Cochin State and Malabar and if a Bill like this is to be put into force, it will be very difficult for us to continue such relationship hereafter and that will seriously handicap those communities in continuing their relationship with the people of the Cochin State and Malabar. I bring to the notice of the fair mover of the Bill that particular aspect and I also join other honourable members in requesting her to withdraw the Bill without pressing it further.

PRESIDENT; Order, order. I am very glad to be able to inform the House that I have received the fllowing letter from the "Deepika":

> "I am sorry to note that the issue of the 'Deepika' of the 4th February, while pubishing a report, put a heading using the word "Christianstan". I have to submit that the insertion of the heading was a mistake committed by the news-Sub Editor, which was passed off without being taken notice of by ihe Editor as he was not in station,
> "We are sorry for the same and we hereby withdraw the unhappy expression.
> "Hope we may be excused for the same."

In the circumstances, I have told him that no further notice will be taken of his conduct.

MR. T. T. KESAVA SASTRI: ഞാൻ ഈ ബില്ലിന്റെ തത്വത്തെ അനുകൂലിച്ചുകൊള്ളുന്നു. ബില്ലിനെ പ്രതികൂലിക്കുന്നവരോടുള്ള വിപ്രതിപത്തികൊണ്ടോ, അനുകൂലിക്കുന്നവരോടുള്ള പ്രത്യേകതകൊണ്ടോ അല്ല ഞാൻ ഇതിനെ പിൻതാങ്ങുന്നതു്. ബില്ലിന്റെ തത്വത്തിൽ അടങ്ങിയിരിക്കുന്ന ആദർശശുദ്ധിയൊന്നു മാത്രമാണു്, ഇതിനെ സപ്പോർട്ടു ചെയ്യാൻ എന്നെ പ്രേരിതനാക്കിയിട്ടുള്ളതു്. സ്ത്രീധനസമ്പ്രദായത്തിനു ഇവിടെ വളരെ പാരമ്പര്യമുണ്ടു്. പരിഷ്കൃതരിലും പണക്കാരിലും മാത്രമായി പ്രചരിച്ചിരുന്ന ഈ ഏർപ്പാടു, ഇപ്പോൾ ഏകദേശം എല്ലാ സമുദായങ്ങളുടേയും ഇടയിൽ എത്തിക്കഴിഞ്ഞിട്ടുണ്ടു്. മാത്രമല്ല, സ്ത്രീധനം വിവാഹബന്ധത്തിനു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു വിധിതന്നെ

LIBRARY ARCHIVES Kerala Legislative Assembly

യുമായിരിക്കുന്നു. തന്നിമിത്തം വിവാഹകാര്യത്തിൽ അനവധി മാതാപിതാക്കന്മാരും, യുവതികളും വിഷമതകളും അനുഭവിക്കുന്നുണ്ട്. കൂടുതൽ സംഖ്യ സ്ത്രീധനം നൽകി നടത്തുന്ന വിവാഹത്തിന്, അന്തസ്സും പെരുമയും കൂടിയിരിക്കുന്നു. സ്ത്രീധനനിരോധനബിൽ നടപ്പിലായാൽ ഒരു വലിയ ഭൂരിപക്ഷത്തിന് ആശ്വാസവും സഹായവും ആയിരിക്കും. പണമില്ലാത്തവർക്ക് വിവാഹത്തിനു ബുദ്ധിമുട്ടുണ്ടാകുന്നതല്ല. സർ, സ്ത്രീധനസമ്പ്രദായം മേജർസമുദായങ്ങളിലെ ആചാരക്രമമായിരുന്നു എന്നു ഞാൻ പറഞ്ഞ ചില സമുദായക്കാരുടെ ഇടയിൽ ഇന്നും ഒരു തരം ആൺധനസമ്പ്രദായവും നടപ്പിൽ ഇരിക്കുന്നുണ്ട്. പിന്നോക്കസമുദായക്കാർക്ക് ഒരു വിവാഹത്തിന് പുരുഷൻ പെണ്ണിന്റെ കൂട്ടർക്ക് ഇത്രത്രുപാ വീതം കൊടുക്കണമെന്നുള്ളതാണ്. പണം കൊടുക്കാതെ പെണ്ണിനെ വിവാഹം കഴിക്കാൻ സാധിക്കാത്ത ഒരു ആചാരമാണിത്. ഇതിനെ കാണമെന്നും, അച്ചിപ്പണമെന്നും, മറ്റും ദേശഭേദത്താൽ പറയപ്പെടുന്നു എന്നേയുള്ളൂ.

RAO SAHIB A. K. BHASKAR : വിവാഹബന്ധത്തിനു മഹമ്മദീയരുടെ ഇടയിൽ പുരുഷൻ പണം കൊടുക്കുന്ന ഒരു നടപടിയുള്ളതായി അറിയാമോ?

MR. T. T. KESAVA SASTRI : മുസ്ലീം സമുദായത്തിന്റെ ഇടയിലും ഈ ആചാരം നടപ്പിലുള്ളതായിട്ടാണ് എന്റെയും അറിവ്.

സർ, പെൺധനസമ്പ്രദായവും ആൺധനസമ്പ്രദായവും സുശ്രുഷമായ സ്ത്രീപുരുഷബന്ധത്തിനു ബാധകമാകാതിരിക്കുന്നതു് ഏതുകൊണ്ടും നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. ഈ പ്രശ്നം ഒരു ഹിതപരിശോധനയിൽ വന്നാൽ തന്നെയും ബഹുഭൂരിപക്ഷവും ബില്ലിനെ അനുകൂലിക്കാനാണിടയുള്ളതു്.

സർ, വലിയ സമുദായങ്ങളെ കണ്ടുപഠിക്കുന്ന ഒരു രീതിയാണു ചെറിയ സമുദായങ്ങളിൽ സാധാരണ കണ്ടിട്ടുള്ളതു്. സ്ത്രീധനസമ്പ്രദായം ആൺധനസമ്പ്രദായമാകുമ്പോൾ, ഈ രണ്ടിനും ബിൽ കൊണ്ടുവരുന്നതായാൽ പരിഷ്കാരം നിമിത്തം കൂടുതൽ സമാധാനവും സന്തോഷവും ബഹുഭൂരിപക്ഷം ജനങ്ങൾക്കും കൈവരുന്നതായിരിക്കും. ബിൽ വിവാഹബന്ധിതരാകുന്ന സ്ത്രീപുരുഷന്മാരുടെ ആജീവനാന്തബാന്ധവത്രമായിരിക്കാൻ നിർബന്ധിക്കണം. പുരുഷൻ സ്ത്രീയെ ഉപേക്ഷിക്കുന്നതു

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesava Sastri.]

ത്തിനും, സ്ത്രീ പുരുഷനെ ഉപേക്ഷിക്കുന്ന നയത്തിനും, ഇടം കൊടുക്കാൻ പാടില്ല. ഈ രീതി എത്രയും കർക്കശമായ ഒരു ശിക്ഷയിൽ സംഘടിപ്പിച്ചാൽ മതിയാകും. അങ്ങിനെയായാൽ, പാവനമായ വിവാഹബന്ധത്തിനു ഉറപ്പും ഗുണവും ഉണ്ടാകും. അല്ലാത്തപക്ഷം ഈ രണ്ടു ധനസമ്പ്രദായങ്ങൾക്കും ഹാനി സംഭവിക്കുതന്നെ ചെയ്യും.

സർ, സ്ത്രീധനസമ്പ്രദായത്തിനു വിധേയരായ പല കുടുംബക്കാരും പാപ്പരായിട്ടുള്ളതായി എനിക്കറിയാം. അതുപോലെതന്നെ ആൺധനസമ്പ്രദായം നിമിത്തം പിന്നോക്കസമുദായക്കാരായ അനവധി വ്യക്തികളും കുടക്കാരായും പരാശ്രയരുമായിട്ടുള്ള കാര്യവും എനിക്കറിയാം. അവശസമുദായക്കാർ ആൺധനസമ്പ്രദായം മിക്കവാറും കെട്ടില്ലായ്കയാൽ കടം വാങ്ങി നിർവഹിക്കുകയാണ്; തൻനിമിത്തം വിവാഹബന്ധത്തിനു ശേഷം ആണും പെണ്ണും കുടക്കാരനു വിധേയരായി, അവഴിക്ക് അടിമകളായിരുതീരുകയാകുന്നു. ഈ ബില്ല്, ഇതിനെല്ലാം പരിഹാരം വരുത്താൻ വേണ്ട ഭേദഗതികളോടുകൂടെ അംഗീകരിച്ചാൽ മതിയാകുന്നതാണ്. ഞാൻ ബില്ലിനെ അനുകൂലിച്ചുകൊണ്ടു വിരമിക്കുന്നു.

MR. P. C. ADICHAN : സർ, ശ്രീമതി നാരായണിഅമ്മ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന സ്ത്രീധനനിരോധനബില്ലിനെ ഞാൻ അനുകൂലിക്കുന്നു. കാരണം, സംസ്കാരം കൊണ്ടും വിദ്യാഭ്യാസം കൊണ്ടും ഉയർന്നിലയെ പ്രാപിച്ചിട്ടുള്ള സമുദായങ്ങളുമായുള്ള സംസർഗ്ഗം കൊണ്ടു സാമ്പത്തിക നിലയിൽ വളരെ അധഃപതിച്ചുകിടക്കുന്ന സാധുക്കൾ പല വിധത്തിലും പല കാര്യങ്ങളിലും അവരെ അനുകരിച്ചുവരുന്നുണ്ട്. തിരുവിതാംകൂറിലെ സാധുക്കളായ ആളുകൾ സ്ത്രീധനസമ്പ്രദായം നടപ്പിലിരിക്കുന്നവരും സ്ത്രീധനം കൊടുത്തുവരുന്നവരുമായ ആളുകളുമായി അടുത്തു പെരുമാറുകയും സഹകരിക്കയും സംസർഗ്ഗം ചെയ്കയും മറ്റും ചെയ്യുന്നതിന്റെ ഫലമായി സ്ത്രീധനം കൊടുത്തില്ലെങ്കിൽ വിവാഹം വേണ്ട, സ്ത്രീധനം കൊടുത്തേ വിവാഹം ചെയ്യാൻ ഒക്കുകയുള്ളൂ, എന്നും മറ്റും ഇപ്പോൾ പറഞ്ഞുതുടങ്ങിയിട്ടുണ്ട്. കൊലപാതകം ചെയ്യരുതു്, മോഷ്ടിക്കരുതു്, പിടിച്ചുപറിക്കരുതു്, എന്നിത്യാദി വിഷയങ്ങളെ സംബന്ധിച്ചു് ഈ സഭയിൽ ആരും ഇതുവരെ ബില്ലു കൊണ്ടുവന്നിട്ടില്ല. അങ്ങനെ ഒരു ബിൽ കൊണ്ടുവരണമെന്നു ജനസമുദായത്തിനിടയിൽ ഒരാഗ്രഹമുണ്ടെങ്കിൽതന്നെയും ആരും അതിനു തയ്യാറാകുന്നില്ല. കാരണം മനുഷ്യന്റെ മൌലികമായ ചില ഹൃദയസമ്പാദ്യങ്ങളാണവ. അവ ആരുടേയും പ്രേരണയില്ലാതെ ജനഹൃദയത്തിൽ തഴച്ചു വളരുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. CHAZHIKATTU JOSEPH : കൊലപാതകം ചെയ്യരുത്, മോഷ്ടിക്കരുതു, എന്നെല്ലാം ഉള്ളതിന് ഒരു നിയമം ഈ സഭ ഉണ്ടാകുന്നതിനു മുമ്പുതന്നെ ഉണ്ടെന്നു മെമ്പക്കറിയാമോ?

MR. P. C. ADICHAN : അറിയാം.

MR. CHAZHIKATTU JOSEPH : കൊലപാതകത്തെയും മോഷണത്തെയും തടയുന്ന ഒരു ചട്ടം രാജ്യത്തുണ്ടെന്നു മെമ്പക്കറിയാമോ?

MR. P, C. ADICHAN : അറിയാം

MR. CHAZHIKATTU JOSEPH : രജ്യത്തു് അങ്ങനെ ഒരു ചട്ടമുണ്ടെന്നു് അറിയാമോ?

MR. P. C. ADICHAN : അതിനു് ഒരു ഗവണ്മെൻറിന്റെ അംഗീകാരമോ നിയമശാസനമോ ആവശ്യമില്ല. എന്നാൽ അതുതന്നെയോ അല്ലെങ്കിൽ അതിനേക്കാൾ കൂടുതലോ പ്രാധാന്യമുള്ള സ്ത്രീ പുരുഷന്മാരുടെ വേഴ്ചയെ സംബന്ധിച്ചു് ഇതുപോലെയുള്ള ഒരു ബിൽ, വിശേഷിച്ചു് ഒരു സ്ത്രീ തന്നെ ഹാജരാക്കുന്ന ഒരു ബിൽ, മാനവസമുദായത്തിനു് ഇന്നാവശ്യമായിരിക്കുന്നു എന്നുള്ള സംഗതി ഓർമ്മിക്കുമ്പോൾ നമുക്കെന്നല്ല ലോകത്തിനുതന്നെ ലജ്ജതോന്നിപ്പോകുന്നു. അത്യുന്നതമായ ഒരു മനോഹര വേഴ്ച സ്ത്രീപുരുഷന്മാരുടെ ആത്മാവിൽ ഉദിക്കുമ്പോൾ ഉണ്ടാകുന്ന രമണീയഫലമാണു് വിവാഹം. അതിനെ വ്യവസായത്തിലേക്കു് പരിവർത്തനം ചെയ്യിക്കുകയാണു് ഈ സ്ത്രീധനമെടുപ്പു്. മനുഷ്യൻ സൃഷ്ടിക്കുന്നതോ മേലാൽ സൃഷ്ടിക്കാവുന്നതോ ആയ എല്ലാ നിയമങ്ങളുടേയും മുമ്പിൽ നമുക്കു് അതിനു സാധുത്വം കല്പിക്കാമെങ്കിൽതന്നെയും സ്ത്രീപുരുഷജാതിയെ സൃഷ്ടിച്ച ജഗൽപിതാവിന്റെ മുമ്പിൽ ഇതു് ഏറ്റവും ഗർഹണീയമായ ഒന്നുതന്നെയാണു.

ഇനി ഈ ബില്ലിന്റെ പ്രായോഗിക വശത്തേക്കുവരാം. ഒരു നിർധനനായ പിതാവിനു് വാത്സല്യമേറിയ ഒരു പുത്രി ഉണ്ടെന്നിരിക്കട്ടെ. അവൾക്കു് ഉന്നതമായ ആരോഗ്യമുണ്ടു്; ആരെയും ആകർഷിച്ചുകളയുന്ന സൗന്ദര്യമുണ്ടു്. ഏതു വീണാനാദത്തേയും വെല്ലുന്ന സ്വരമാധുരിയുണ്ടു്. ആരും ബഹുമാനപൂർവ്വം ആദരിച്ചുപോരുന്ന സംസ്കൃതചിത്തമുണ്ടു്.

MR. VARKALA K. MADHAVAN : പുരുഷന്മാർ അത്രവളരെ സൗന്ദര്യവും സ്വരമാധുര്യവുമുള്ള ഒരു സ്ത്രീയെ കല്യാണം കഴിക്കേണ്ടെന്നു വിചാരിച്ചാലോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. C. ADICHAN : എന്നാൽ ആ സ്ത്രീക്ക് ഒന്നുമാത്രമില്ല. പണം, സർ, പണം. അതിന്റെ ഫലം, അല്ല ഉച്ഛ്വാസം. കാസരോഗി; കുഷ്ഠരോഗി, പട്ടിണിയിട തുടങ്ങി നരകംപോലും വെറുക്കുന്നവരെല്ലാം ഒന്നാംതരം യുവതികളുടെ ഭർത്തൃസ്ഥാനത്തിലേക്ക് അനർഹമായി കടന്നുകൂടുന്നു.

MR. E. K. MADHAVAN : അങ്ങിനെ ഒരു രോഗിയെ ആ സ്ത്രീക്ക് കല്യാണം കഴിക്കാതിരിക്കാൻ വിരോധമുണ്ടോ?

MR. P. C. ADICHAN : ഈ ചോദ്യത്തിന് ഉത്തരം പറയണമെന്നു വിചാരിക്കുന്നില്ല. വിദ്യാസമ്പന്നനും സംസ്കൃതചിത്തനുമായ ഒരു യുവാവ് പണക്കാരിയായ വൃത്തികെട്ട ഒരു യുവതിയെ അന്വേഷിക്കുന്നു. ഇത് സാമ്പത്തികമായ ഒരു പടുവീഴ്ചയല്ലായിരിക്കും. സാമുദായികമായ ഒരു അധഃപതനം അല്ലായിരിക്കും, രാഷ്ട്രീയമായ ഒരു നിലംപതിക്കൽ അല്ലായിരിക്കും, നേരേമറിച്ച് മനുഷ്യത്വത്തിന്മേൽ ദുരാചാരം ഏല്പിച്ച ഒരു കഠിന പ്രഹരമാണ് ഇത്. ഈ കഠിനദുരാചാരത്തെ നിർമ്മാജ്ജനം ചെയ്യേണ്ടത് നമ്മുടെ ഹൃദയത്തോട് നാം ചെയ്യേണ്ട ഒരു കടമയാണ്. ഈ ബിൽ മനഃസാക്ഷിയോടുകൂടി എതിർക്കുന്ന ആരും തന്നെയുണ്ടായിരിക്കുകയില്ല. അഥവാ ആരെങ്കിലും എതിർക്കുന്നുണ്ടെങ്കിൽ പണക്കാരായ പിതാക്കന്മാരും വിരൂപികളായ പുത്രിമാരുടെ പിതാക്കന്മാരും ആയിരിക്കും. ഈ നശിച്ച സ്ത്രീധനഏർപ്പാട് നിശ്ശേഷം ഇല്ലാതാക്കുന്ന നിമിഷത്തിൽ പണത്തിന്റെ പിടിയിൽനിന്നും മനുഷ്യക്ക് പുറത്തേക്ക് വരുവാനും സ്വാഭാവികമായി അതിന്റെ മാറ്റത്തിൽകൂടി മുന്നോട്ട് ഗമിക്കുവാനും സാധിക്കുന്നതാണ്.

MR. P. M. VARGHESE : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇവിടെ നശിച്ച ഏർപ്പാടെന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. "നശിച്ച" എന്ന പ്രയോഗം ഒരിക്കലും അനുവദനീയമല്ല.

PRESIDENT : "നശിച്ച" means fit to perish or perishable.

MR. P. M. VARGHESE : It is a word of curse.

PRESIDENT : If it is a curse, I do hope that the honourable Member will not indulge in its use. Will the honourable member kindly withdraw the word if he used it in that sense ?

MR. K. SUKUMARAN : It is not at all unparliamentary.

PRESIDENT : Since there is difference of opinion, I think he will not take recourse to that word.

MR. CHAZHIKATTU JOSEPH : നശിച്ച എന്ന പദം സാധാരണ അർത്ഥത്തിൽ ഉപയോഗിക്കുകയില്ല. 'ശാപം' എന്ന അർത്ഥത്തിൽ മാത്രമേ അതുപയോഗിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

MR. K. SUKUMARAN : ആ പദം പാർലമെൻററിയാണ്. ധാരാളമായി ഉപയോഗിക്കാം.

MR. P. C. ADICHAN : ബഹുമാനപ്പെട്ട മെംബർ പ്രസ്താവിച്ചതുപോലെ, അദ്ദേഹം അത്ഥമാക്കിയതുപോലെയുള്ള അത്ഥത്തിലല്ല ഞാൻ ആ പദം പ്രയോഗിച്ചത്. സ്ത്രീധന ഏർപ്പാട്കൊണ്ട് വാസ്തവത്തിൽ അനേകം ആളുകൾ നശിച്ചിട്ടുണ്ട്. നശിച്ച എന്ന വാക്ക് ചിലർക്ക് ഇഷ്ടപ്പെട്ടന്നില്ലെങ്കിൽ അവർ ഒഷിച്ച എന്ന വാക്ക് ചേർത്തു വായിച്ചാൽ മതിയാകും.

സർ, അങ്ങിനെ ചേരേണ്ടവർ തമ്മിൽ ചേരുന്നതും കൗതുകമേറിയ ഒരു സാമുദായികവേഴ്ച സംജാതമാകുന്നതുമാണ്. ഇതിന്റെ ഫലമാണെങ്കിൽ ഏതൊരു ഗവണ്മെൻറും ഇന്ന അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്ന പല വിപ്ലവങ്ങളും; ഇല്ലാതാകുകയെന്നുള്ളതാണ്; കന്യകയുടെ നിർഭാഗരായ മാതാപിതാക്കൾ സൈരമായി കിടന്നുറങ്ങലാണ്; വിഷമോ, കയറോ, കണ്ടുകിണറോ അന്വേഷിക്കുന്ന യുവസുന്ദരികൾ ഇല്ലാതാകലാണ്; പിതാവെന്ന അവസ്ഥയെ അറിയുന്ന കുഞ്ഞുങ്ങൾ ജനിക്കാതിരിക്കലാണ്.

സർ, അസാമാന്യ ധിഷണാശക്തിയും ഭരണപാടവവും അസാധാരണ തന്റേടവും കൊണ്ട് അങ്ങു് ഈ ചെറിയരാജ്യത്തെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു.

ഭാരതസാമ്രാജ്യത്തിനാകമാനം ഇന്ന ചിന്താവിഷയമായിരിക്കുന്ന ക്ഷേത്രപ്രവേശനം, വധശിക്ഷ നിത്തൽ, പ്രായപൂർത്തിവോട്ടവകാശം തുടങ്ങി പല മഹാപ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കി ഈ രാജ്യത്തിനോടുള്ള അവിടത്തെ കടമ നിർവഹിച്ചുകൊണ്ടിരിക്കുന്നു. ആ വിധമുള്ള അവിടത്തെ കർമ്മകുശലതയുടെ മുമ്പിൽ ശ്രീമതി നാരായണിഅമ്മ അവതരിപ്പിച്ച ഈ ബിൽ നിർവിശങ്കം പരിപൂർണ്ണവിജയത്തിൽ കലാശിക്കുമെന്നു വിശ്വസിക്കുന്നു.

MR. G. PARAMESWARAN PILLAI : Sir, I move for closure.

PRESIDENT : The discussion has not been adequate in the present instance. Obviously there are two points of view and honourable members seem to have very strong opinions, both on one side and the other. The members who feel strongly on the matter have to be given time to give expression to their views. And this is an instance where the Government take no part in the discussion and vote one way or the other. Therefore the discussion has to go on as fully as possible.

LIBRARY ARCHIVES Kerala Legislative Assembly

MR. S. CHATTANATHA KARAYALAR : Sir, this is a Bill affecting the social customs of certain communities in Travancore. Therefore in considering this Bill, we should not be carried away by sentiment or by considerations derived from what is happening elsewhere in India, that is, in other provinces or States. What is true of Sind or Behar is not true of Travancore. This piece of legislation should be considered solely with regard to the conditions existing in Travancore. For instance, the personal laws of the particular communities concerned are important factors to be considered carefully. I am emphasising this because conditions in India are not uniform. Conditions which exist outside Travancore are different from those which prevail in Travancore. I say therefore that this Bill should be judged solely with regard to the conditions prevailing in Travancore. It must be remembered that this custom prevails in a large degree among certain specified communities. So, this bill has to be considered, bearing in mind the particular customs obtaining among those communities who follow the dowry system. Speaking for myself Sir, the dowry system—whatever may be the historic origin of the system—is founded upon natural love and affection of the parent or of the brothers concerned. A system founded upon natural love and affection cannot be condemned wholesale. It is true that the system has got its own merits and demerits. The merits have been expatiated upon by several members. The demerits have also been placed before the House. What we have to do is to weigh the demerits of the system against its merits. The system may work hardship in certain individual cases. The net result of following the system, particularly among the communities among whom this system prevails on a large scale has been satisfatory. Unless therefore the communities concerned show a distinct preference or favour for this legislation this House ought not to give its assent to a Bill of this nature.

Now, what are the peculiarities of the communities concerned among whom this system prevails in Travancore ?. These communities are very enlightened and educated and know their interests and unless they take an initiative in this matter, the Legislature ought not to embark upon a piece of legislation of this nature.

Lastly, Sir,—conceding for a moment that this is a social evil which ought to be eradicated what is the remedy? What will be reaction of the people to this proposal? It must be considered by this House whether this Bill, if passed into law, will be observed in toto by the communities concerned.

Or, will they try to evade its provisions. No piece of legislation should be undertaken by a legislature unless there are very good chances of the law being followed by the communities concerned. If it is going to be a dead letter or if it is going to be disobeyed at every turn there is no use of passing this legislation. I am sure that this piece of legislation will be evaded by the communities concerned and evaded successfully. I am therefore of opinion that no good purpose will be served by passing a bill of this nature.

LIBRARY ARCHIVES Kerala Legislative Assembly

MR. V. K. VELAPPAN NAIR : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി നാരായണിഅമ്മ ഈ സഭയുടെ ആലോചനക്കായി സമർപ്പിച്ചിട്ടുള്ള "സ്ത്രീധനനിരോധന ബില്ലിനെ" ഞാൻ അനുകൂലിക്കുന്നു. ഇതിനെപ്പറ്റി ഇവിടെ ദീർഘമായ പല അഭിപ്രായങ്ങൾ അനുകൂലമായും പ്രതികൂലമായും പുറപ്പെടുവിക്കയുണ്ടായി. ഈ ബില്ലിന്റെ പ്രയോഗം മൂലം ക്ലേശങ്ങൾ അനുഭവിക്കേണ്ടിവരുമെന്നു ഭയപ്പെടുന്ന സമുദായങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു ചിലർ ഇതിനെ എതിർക്കുകയും മറ്റു ചിലർ ഇതിനെ സ്വാഗതംചെയ്യുകയുമുണ്ടായി. സ്ത്രീധനസമ്പ്രദായം അഭിലഷണീയമാണെന്നു ബില്ലിനെ പ്രതികൂലിച്ചു സംസാരിച്ചവരാരും ഇവിടെ പ്രസ്താവിച്ചു കേട്ടില്ല. ഈ സമ്പ്രദായം പൊതുവേ ഒരു ദുഷിച്ച സമ്പ്രദായമാണെന്നും അതു് അതിന്റെ പ്രാരംഭകാലങ്ങളിൽ ഉണ്ടായിരുന്ന സദുദ്ദേശപരമായ ആദർശങ്ങളെ മുൻനിറുത്തി ഇന്നു നടന്നുവരുന്നില്ലെന്നും ഏകാഭിപ്രായമായി ഇവിടെ സംസാരിച്ചവർ പ്രസ്താവിക്കുകയുണ്ടായി.

MR. P. K. KURIAKOSE: ഇവിടെ സംസാരിച്ച എല്ലാവരുടേയും പ്രസംഗം ബഹുമാനപ്പെട്ട മെമ്പർ കേട്ടോ?

MR. V. K. VELAPPAN NAIR : കേട്ടു.

MR. P. K. KURIAKOSE : സ്ത്രീധനസമ്പ്രദായത്തോടു് അനുകൂലമായി ആരും പറഞ്ഞുകേട്ടില്ലേ.

MR. V. K. VELAPPAN NAIR : അനുകൂലമായി പറഞ്ഞിട്ടുണ്ടു്. പ്രതികൂലമായി സംസാരിച്ചവരുടെ പ്രധാനമായ വാദമുഖം ഒരു പിതാവു എന്ന നിലയിൽ തന്റെ സന്താനത്തോടു താൻ ആവശ്യം അനുഷ്ഠിക്കേണ്ട കർത്തവ്യം അനുഷ്ഠിക്കുന്നതിനുള്ള സാഹചര്യം ഈ നിയമം നടപ്പിലാകുന്നതോടുകൂടി നഷ്ടപ്പെടുന്നു എന്നാണു്. ഒരു പിതാവു തന്റെ പുത്രിയോടു വാത്സല്യം പ്രകടിപ്പിക്കുന്നതിനും അവരുടെ ജീവിതാവശ്യങ്ങൾക്കു വേണ്ടതു ധനസഹായം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ഈ നിയമംമൂലം നിരോധിക്കുന്നില്ലെന്നാണു് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബിൽ വായിച്ചതിൽ നിന്നു എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു്. വിവാഹസമയത്തു വിവാഹക്കമ്പോളത്തിലെ കച്ചവടം എന്ന നിലയിൽ വധുവിന്റെ പിതാവു് വരനൊ, വരന്റെ ആൾക്കൊ എന്തെങ്കിലും ധനം നൽകുന്നതിനെ മാത്രമേ ഈ നിയമം നിരോധിക്കുന്നുള്ളു. നേരേ മറിച്ചു് തനിക്കൊരു പെൺകുട്ടി ഉണ്ടായിരുന്നാൽ ആ കുട്ടി ഭാവിയിൽ സുഖമായി ജീവിക്കണമെന്നും അതു തന്റെ കർത്തവ്യമാണെന്നും വിചാരി

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. K. Velappan Nair.]

ക്കുന്ന ഒരു പിതാവ് തന്റെ പുത്രിയുടെ പേരിൽ ധനസഹായം ചെയ്യുന്നതിനു ഈ നിയമം ഒരിക്കലും ബാധകമായിരിക്കുന്നില്ല. വിവാഹം നിശ്ചയിക്കുന്നതിനു നു മാസം മുമ്പോ അല്ലെങ്കിൽ ഒരു കൊല്ലത്തിനുമുമ്പോ വിവാഹം കഴിഞ്ഞു ഒരു കൊല്ലത്തിനു ശേഷമോ വേണ്ടിവന്നാൽ ഒരു പ്രതിഫലം കൊടുക്കുന്നതിനുകൂടി വ്യവസ്ഥചെയ്തിരിക്കുന്ന ഈ ബിൽ നിയമമാക്കുന്നപക്ഷം എന്റെ മാന്യ സ്നേഹിതന്മാർ പുറപ്പെടുവിച്ച വൈഷമ്യം ഉണ്ടാകുമെന്നു എനിക്കു അഭിപ്രായമില്ല.

ഈ നിയമം ചിലസമുദായങ്ങളെ പ്രത്യേകമായി ബാധിക്കുമെന്നും അവരുടെ അഭിമാനത്തിനും അവരുടെ സുഖസൗകര്യങ്ങൾക്കും ഇതു പ്രതിബന്ധമായിരിക്കുമെന്നുമുള്ള ഒരു വാദം കേട്ടു. സാമൂഹ്യപരിഷ്കാരങ്ങളെ ഉദ്ദേശിച്ചുള്ള നിയമങ്ങൾ അതാതു സമുദായങ്ങളുടെ ഏകാഭിപ്രായത്തോടുകൂടിയ ഒരു നിയമപരിഷ്കാരംമൂലം സമ്പാദിക്കുക സാദ്ധ്യമല്ലെന്നു നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുള്ള അവസരങ്ങളിലെ നിയമസഭകളുടെ നടപടികൾ സൂക്ഷിച്ചാൽ കാണാൻ കഴിയും.

MR. CHAZHIKATTU JOSEPH : ക്രിസ്ത്യാനികളെ ഈ ബില്ലിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാൻ സമ്മതമാണോ?

MR. V. K. VELAPPAN NAIR : സകലരേയും ഒഴിവാക്കാൻ എനിക്കു സമ്മതമാണ്.

MR. CHAZHIKKATTU JOSEPH: അങ്ങിനെയാണെങ്കിൽ ഈ ബിൽ തള്ളിക്കളയുകതോ?

MR. V. K. VELAPPAN NAIR : എന്നെ സംബന്ധിച്ചിടത്തോളം എനിക്കു ഒരു പ്രത്യേക മുമതലയുണ്ട്. ക്രിസ്ത്യാനികൾ ഈ ബില്ലിനെ എതിർക്കുന്നുവെന്ന ഏക കാരണംകൊണ്ട് അല്ലെങ്കിൽ ഈ നിയമത്തിൽ ഉൾപ്പെടാനുള്ളവരിൽ ചിലർക്കു അതിനെ അനുകൂലിക്കാൻ ഇഷ്ടമില്ല എന്ന ഏക കാരണംകൊണ്ട് ഈ ബില്ല് നിയമമാക്കേണ്ടതില്ലെന്നു പറയുന്നതു ഒരിക്കലും ശരിയല്ല.

MR. CHAZHIKATTU JOSEPH : സമ്മതമില്ലാത്തവരെ നിർബന്ധിച്ചു ഒരു നിയമത്തിൽ ഉൾപ്പെടുത്തുന്നതു വ്യക്തിസ്വാതന്ത്ര്യത്തെ തടയുകയല്ലേ?

MR. V. K. VELAPPAN NAIR : ചിലപ്പോൾ അതു ചെയ്യേണ്ടിവരും. അതിനു ധാരാളം ഉദാഹരണങ്ങളും പൂണ്ടിക്കാണിക്കുവാനുണ്ട്. ഇന്നു പ്രാഥമിക വിദ്യാഭ്യാസം സർവ്വത്രികമാക്കുന്നു,

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ചില സമുദായക്കാർ അതിനെ എതിക്കുന്നു. രാജ്യത്തിന്റെ പൊതു ക്ഷേമത്തിനു ആ എതിർപ്പിനെ വകവയ്ക്കാതെതന്നെ ... ...

MR. CHAZHIKATTU JOSEPH : പ്രാഥമിക വിദ്യാഭ്യാസത്തെ ഏതെങ്കിലും സമുദായം എതിർത്തിട്ടുണ്ടോ?

MR. V. K. VELAPPAN NAIR : പ്രാഥമിക വിദ്യാഭ്യാസം ഗവണ്മെൻറ് ഏറ്റെടുത്തു നടത്തുവാൻ എപ്പോൾ തീരുമാനിച്ചോ ആ നിമിഷംമുതൽ ഒരു ക്ലർ അതിനെ എതിക്കാൻ തുടങ്ങി.

MR. CHAZHIKATTU JOSEPH : പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവും ആക്കുന്നതിനെ ആരെങ്കിലും എതിർത്തിട്ടുണ്ടോ?

MR. V. K. VELAPPAN NAIR : പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവും ആക്കുന്നതിനെ എതിർത്ത സമുദായം തിരുവിതാംകൂറിലുണ്ടെന്നു മി. ചാഴിക്കാട്ടു ജോസഫിനോട് പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. നിർബന്ധിതവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം ഗവണ്മെൻറ് ഏറ്റെടുത്തു നടത്താൻ തുടങ്ങിയ അവസരത്തിൽ അതിനെ ക്രിസ്ത്യാനികൾ ശക്തിയായി എതിക്കാൻ തുടങ്ങി. അതു ഇന്നത്തെ ഒരു വലിയ പ്രക്ഷോഭണം ആയിത്തീർന്നിരിക്കുന്നു.

MR. CHAZHIKATTU JOSEPH: പ്രാഥമിക വിദ്യാഭ്യാസം ഗവണ്മെൻറിന്റെ കുത്തകയാക്കി അതിന്റെ ചുമതല പൂർണ്ണമായി എടുക്കുന്നതിനെയല്ലേ ക്രിസ്ത്യാനികൾ എതിക്കുന്നത്?

MR. V. K. VELAPPAN NAIR : അല്ല. പ്രാഥമിക വിദ്യാഭ്യാസ ചുമതല ഗവണ്മെൻറ് കയ്യേൽക്കുന്നതിനെത്തന്നെ ക്രിസ്ത്യാനികൾ കഠിനമായി കരുതുന്നു; എതിക്കുന്നു. അതുപോലെ തന്നെ കാർഷികാദായനികുതിയെപ്പറ്റിയും ... ...

MR. CHAZHIKATTU JOSEPH : അതുപോലെ തന്നെ എന്നു പറയുന്നതിനെ ഞാൻ എതിക്കുന്നു.

MR. V. K. VELAPPAN NAIR : കാർഷികാദായനികുതി നടപ്പിൽ വരുത്തുന്നതിനെ ഇന്നു ചിലർ ശക്തിയായി എതുക്കുന്നു.

MR. P. K. KURIAKOSE : ആ എതുപ്പു അതുക്കൊക്കെയാണെന്നു പറയാമോ?

PRESIDENT : I cannot allow two honourable members putting questions like this. Only one at a time can be allowed.

MR. CHAZHIKATTU JOSEPH : തക്കത്തിലിരിക്കുന്ന വിഷയങ്ങളെപ്പറ്റി വാഗ്പ്രതിവാദം നടത്തുമ്പോൾ Sweeping remarks പറയാതിരിക്കുകയാണു് നല്ലതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. V. K. VELAPPAN NAIR : സർ, മറ്റുള്ളവർ പ്രസംഗിക്കുമ്പോൾ തനിക്ക അതു ഹിതകരമാണോ അല്ലയോ എന്ന ഏതു മെമ്പർക്കും തോന്നാൻ അവകാശമുള്ളതാണ്. ഓരോ മെമ്പറും സംസാരിക്കുമ്പോൾ ഈ തത്വം മൻനിറുത്തി സംസാരിച്ചിരുന്നാൽ വളരെ നന്നായിരിക്കുമായിരുന്നു.

MR. CHAZHIKATTU JOSEPH : ഞാൻ സംസാരിച്ചപ്പോൾ എന്നോടു ചോദ്യം ചോദിക്കുന്നതിനെ ഞാൻ തടഞ്ഞിരുന്നില്ല.

MR. V. K, VELAPPAN NAIR : ഞാൻ തടയുന്നില്ലല്ലോ. അങ്ങിനെ നോക്കുമ്പോൾ ഏകാഭിപ്രായമായി ഒരു നിയമപരിഷ്കാരവും സാമാന്യേന ഒരു നിയമസഭയിലും നടന്നുകാണുകയില്ല. ഇന്നിവിടെ ആലോചനാവിഷയമായിരിക്കുന്ന സ്ത്രീധനനിരോധനബിൽ തന്നെ വെളിയിൽ ഏതെല്ലാം പ്രാവിൻസുകളിൽ പാസാക്കിയിട്ടുണ്ടോ ആ നിയമസഭകളിലെല്ലാം ഇതിനെപ്പറ്റി ശക്തിയുക്തമായ വാദപ്രതിവാദങ്ങൾ നടന്നതായി കാണാൻ കഴിയും. ഈ നിയമസഭയിൽതന്നെ കുറെക്കാലം മുമ്പ് child marriage bill ആലോചനക്കു വന്നപ്പോൾ അതു മാനുവടിച്ചാൽ ലോകം മുഴുവൻ നശിക്കും, ആകാശം ഇടിഞ്ഞു വീഴും എന്നു പറഞ്ഞ ആളുകൾ ഇവിടെ ഉണ്ടായിരുന്നു. ആ നിയമം സകല പ്രതിഷേധങ്ങളേയും അതിലംഘിച്ചു പാസാക്കപ്പെടുകയുണ്ടായി. എന്നിട്ട് ആകാശം വീണില്ല, ലോകം ഇപ്പോഴും മുമ്പിരുന്നതുപോലെ തന്നെ ഇരിക്കുന്നു. ഈ മാതിരിയുള്ള ഒരു ആശങ്കയല്ലാതെ അതിൽ കവിഞ്ഞൊന്നും ഈ സ്ത്രീധനനിരോധനബിൽമൂലം ഉണ്ടാകാൻ അവകാശമില്ല. എന്നെ സംബന്ധിച്ചിടത്തോളം ''വേലപ്പൻനായർ നായർ സമുദായത്തിലെ ഒരു വ്യക്തിയാണ്, നായർ സമുദായത്തെ പ്രതിനിധീകരിച്ചുകൊണ്ടാണ് നിയമസഭയിൽ സംസാരിക്കുന്നതു്, നായർ സമുദായം സ്ത്രീധനം നടപ്പിൽ വരുത്തിയിട്ടുള്ള ഒരു സമുദായമല്ല, ആ നിലയിൽ സ്ത്രീധനനിരോധനത്തെപ്പറ്റി വേലപ്പൻനായക്ക് സംസാരിക്കുവാൻ അവകാശമില്ല.'' എന്നവരെ ഇവിടെ പറഞ്ഞുകഴിഞ്ഞു. എന്നാൽ എനിക്കു ഈ സ്ത്രീധനസമ്പ്രദായത്തെ എതിർക്കാൻ തക്കതായ കാരണങ്ങൾ ഉണ്ട്. മറ്റു സമുദായങ്ങളിൽ നടപ്പിലിരിക്കുന്ന ഈ സമ്പ്രദായത്തെ അതിന്റെ ഒരു വശത്തുകൂടിയുള്ള ആകർഷണശക്തികൊണ്ട് മറ്റുസമുദായങ്ങളെ എന്നപോലെതന്നെ വേണമെങ്കിൽ നായർ സമുദായത്തേയും ബാധിക്കാവുന്നതാണ്. അതുകൊണ്ട് ഈ സമ്പ്രദായം ഉൾക്കൊള്ളാത്ത സമുദായങ്ങൾക്കു അതിന്റെ ദുരിതാനുഭവങ്ങൾ ഉണ്ടാകാതിരിക്കാൻവേണ്ടി ഈ സ്ത്രീധനനിരോധനബില്ലിനെ അനുകൂലിക്കുന്നതിന് വളരെ ന്യായങ്ങളു-

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. നായർ സമുദായത്തിന്റെ കാര്യം പറഞ്ഞാൽ അങ്ങിങ്ങായി ചിലർ സ്ത്രീധനസമ്പ്രദായം നടപ്പിൽ വരുത്തുന്നില്ലേ എന്ന സംശയിക്കേണ്ടിയിരിക്കുന്നു.

MR. K. A. MAHOMED : നായന്മാരുടെ ഇടയിൽ സ്ത്രീധന ഏർപ്പാട് നിലവിൽ ഇരിക്കുന്നുണ്ടോ?

MR. V. K. VELAPPAN NAIR : നിയമംമൂലം ഇല്ലെങ്കിലും ഈ സമ്പ്രദായം മറ്റു ചില സമുദായങ്ങളിൽ നിന്ന നായർ സമുദായത്തിലും സംക്രമിച്ചു തുടങ്ങിയിട്ടുണ്ട്.

RAU SAHIB A. K. BHASKAR : നിയമംമൂലം ഏതെങ്കിലും സമുദായത്തിനു സ്ത്രീധനം നിർബന്ധമാക്കിയിട്ടുണ്ടോ?

MR. V. K. VELAPPAN NAIR : മിതാക്ഷര സമുദായക്കാർക്കുണ്ട്.

MR. K. T. MICHAEL : നായർസമുദായത്തിലെ സ്ത്രീകൾക്ക് കുടുംബസ്വത്തിന് അവകാശം ഇല്ലെന്ന് ഒരു നിയമം ഉണ്ടാക്കാൻ എന്റെ സ്നേഹിതൻ സമ്മതിക്കുമോ?

MR. V. K. VELAPPAN NAIR : എന്നെ സംബന്ധിച്ചിടത്തോളം എനിക്കു പരിപൂർണ്ണസമ്മതമാണ്.

കാരണം, ഇന്നു നിലവിലിരിക്കുന്ന ആളോഹരിഭാഗവ്യവസ്ഥ ഇരുപതു കൊല്ലംകൂടി തുടർന്നുപോകുന്നപക്ഷം കുടുംബസ്വത്തിനു പുരുഷന്മാരോടൊപ്പം, സ്ത്രീകൾക്കുകൂടി തുല്യാവകാശം കൊടുക്കുന്നപക്ഷം തിരുവിതാംകൂറിൽ നായർസമുദായത്തിനുള്ള ഭൂമി ഉടമസ്ഥത ഓഹരിക്കു ഒരു സെൻറ് പോലും ഉണ്ടാകാൻ നിവൃത്തിയില്ലാത്തവിധം അതു ഛിന്നഭിന്നമായി പോകുമെന്നു ഞാൻ വിചാരിക്കുന്നു എന്നുള്ളതാണ്. അതു കൊണ്ട് ഇന്നത്തെ വ്യവസ്ഥയ്ക്ക് ഏതെങ്കിലും ഭേദഗതികൾ ഉണ്ടാകണം. അല്ലെങ്കിൽ സ്ത്രീകൾക്ക് കുടുംബസ്വത്തിനു അവകാശം ഇല്ലാതിരിക്കണം. അതുമല്ലെങ്കിൽ പുരുഷന്മാർക്കു അവകാശമില്ലാതിരിക്കണം. ഞാൻ ഇതിനെപ്പറ്റി വളരെ ചിന്തിച്ചിട്ടുണ്ട്. പല സ്നേഹിതന്മാരുമായി സംസാരിച്ചിട്ടുമുണ്ട്. ഒരു സ്ത്രീയെ വിവാഹം ചെയ്തുകൊടുക്കുമ്പോൾ സ്വത്തിന്റെ അവകാശം ഒഴിയുന്നതുകൊണ്ട് ദുഷ്യം ഇല്ലെന്നുള്ള ഒരു പരിധിവരെ ഞാൻ ചിന്തിച്ചിട്ടുണ്ട്. അതു അപകടം ഉണ്ടാക്കുന്ന ഒന്നാണെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഇതു ഒരു സാമ്പത്തികസിദ്ധാന്തമാകയാൽ സാമ്പത്തികവിദഗ്ധന്മാരാണു ഇതിനെപ്പറ്റി കൂടുതലായി ചിന്തിച്ചു അഭിപ്രായം പറയേണ്ടതു്. പക്ഷേ സ്ത്രീധനവും കുടുംബസ്വത്തുമായുള്ള ഒരു താരതമ്യം എന്റെ സ്നേഹിതൻ മി. മൈക്കിളം കൊണ്ടുവന്നു. അതിനോടു എനിക്കു യോജിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V K. Velappan Nair.]

നിവൃത്തിയില്ല. സ്ത്രീകൾക്ക് സ്വത്തിന്റെ അവകാശം ഉള്ളപക്ഷംമാത്രം സ്ത്രീധനം നിരുത്തിയാൽ മതിയെന്നു അദ്ദേഹം വിചാരിക്കുന്നു. വേലപ്പൻനായരുടെ പുത്രിയെ വിവാഹം കഴിക്കുന്ന ഒരു രാമൻമേനോൻ ശീമയിൽപോയി വിദ്യാഭ്യാസം ചെയ്യുന്നതിനു പതിനായിരം രൂപാ ആവശ്യപ്പെടുന്നു എന്നു വിചാരിക്കുക. അങ്ങിനെ മൂത്തമകളുടെപേരിൽ പതിനായിരം രൂപാ ചിലവാക്കുന്നപക്ഷം എണ്ണൂ സംഭവിക്കുമെന്നു ആലോചിക്കണം. മൂത്തമകൾക്ക് ഒരുപക്ഷേ സുഖമായി ജീവിക്കുവാൻ സാധിച്ചേക്കാം. ബാക്കി ആറു കുട്ടികൾ ഉണ്ടായിരിക്കുണ്ടെങ്കിൽ ഓരോ കുട്ടിക്കും ഇരുപതു രൂപ വീതം ചിലവാക്കുവാൻ ഇയാളെക്കൊണ്ടു സാധിക്കുമോ? മൂത്ത മകൾക്കുവേണ്ടി ഈ മാതിരി വമ്പിച്ച തുക ചിലവാക്കിയതു കൊണ്ട് താഴെയുള്ളവർക്ക് കഴിഞ്ഞുകൂടുവാൻപോലും നിവൃത്തിയില്ലാതെ വരുന്നു. ഈ മാതിരി അനുഭവം നായർസമുദായത്തിലെ പല വ്യക്തികൾക്കും ഉണ്ടായിട്ടുണ്ട്. ഇനിയും അങ്ങിനെ ഉണ്ടാകാനും ഇടയുണ്ട്. പല കുടുംബങ്ങളും ഇങ്ങനെ അധഃപതിച്ചുപോയിട്ടുള്ളതായി എനിക്കറിയാം. അനുകരണഭ്രമത്തിൽ അടിപ്പെട്ട ഇതുപോലെ നായർസമുദായത്തിലേയും ഈഴവസമുദായത്തിലേയും വ്യവസ്ഥിതിയെ വഴിപിഴപ്പിക്കാതിരിക്കാൻവേണ്ടിയെങ്കിലും ശ്രീമതി നാരായണിഅമ്മയുടെ ഈ ബിൽ നടപ്പിൽ വരുത്തേണ്ടതാണ്. ഈ നിയമത്തിൽനിന്നു തങ്ങളെ ഒഴിവാക്കണമെന്നു വിചാരിക്കുന്നവർ ഒഴിവായിക്കൊള്ളട്ടെ. അതുകൊണ്ട് സഭ ഈ ബിൽ അംഗീകരിക്കണമെന്നാണു എനിക്കു പറയാനുള്ളതു്. ഞാൻ ഇതുയും പറഞ്ഞതു് ഒരു സമുദായത്തിന്റെയും താല്പര്യങ്ങളെ ഹനിക്കണമെന്നോ അവരുടെ സുഖസൗകര്യങ്ങളെ വിഘാതപ്പെടുത്തണമെന്നോ ഉദ്ദേശിച്ചുകൊണ്ടല്ല. അങ്ങനെ ഈ ബിൽ അവതരിപ്പിച്ച ശ്രീമതി നാരായണിഅമ്മ നിശ്ചയമായും ഉദ്ദേശിച്ചിരിക്കയുമില്ല. എന്നാൽ സ്ത്രീധനംകൊണ്ടുള്ള ദുഷ്യം മറ്റു സമുദായങ്ങൾക്കുകൂടി സഹിക്കേണ്ടിവന്നിരിക്കുന്ന നിലയ്ക്ക് അവർക്ക് ആ അപകടത്തിൽനിന്ന് രക്ഷപ്പെടുവാനുള്ള മാർഗ്ഗംകൂടി നിങ്ങൾ അടച്ചു കളയരുതെന്നാണ് ഈ ബില്ലിനെ എതിർക്കുന്നവരോട് എനിക്കു പറയുവാനുള്ള അപേക്ഷ.

MR. A. NESAMONY: Will the honourable member be prepared to accept clause 3 of this Bill as an amendment to the Nair Act.

MR. V. K. VELAPPAN NAIR : ആലോചിച്ചു മാത്രമേ അതിന് ഉത്തരം പറയാൻ സാധിക്കയുള്ളൂ.

MR. CHAZHIKATTU JOSEPH : സ്ത്രീധനം കൊടുക്കാൻ പാടില്ല എന്നു ഒരു നിയമം പാസായിക്കഴിഞ്ഞാൽ സ്ത്രീകൾക്ക് കുടുംബസ്വത്തിന്റെ അവകാശം വേണ്ടതായി വരികയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. V. K. VELAPPAN NAIR : വേണ്ടിവരികയില്ലയോ എന്ന ചോദ്യത്തിനു വേണ്ടാതെയും വരുത്താം എന്നാണ് മറുപടി.

MR. CHAZHIKATTU JOSEPH : വേണ്ടിവരുമെന്നാണ് മറുപടി എങ്കിൽ മി. വേലപ്പൻനായർ, നായർസമുദായത്തിനു അല്ലെകൊണ്ടുണ്ടായി എന്നു മുൻപറഞ്ഞ ആ ദോഷം ഇപ്പോൾ സ്ത്രീകൾക്ക് സ്വത്തവകാശമില്ലാത്ത സമുദായങ്ങൾക്കുകൂടി ഉണ്ടാകുകയില്ലയോ?

MR. V. K. VELAPPAN NAIR ; "വേണ്ടാതെയും വരുത്താം" എന്ന ഉത്തരംകൊണ്ട് ആ ചോദ്യത്തിന്റെ ആവശ്യമില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു.

MR. J. E. A. PEREIRA : Sir, I oppose the bill; but in opposing it I should not be misunderstood that I am not at all sympathetic towards the laudable aims of Srimati Narayani Amma's bill. I am one of those who believe that dowry system is not altogether an unmitigated evil; but I do concede that in actual practice it does bring a lot of hardship inasmuch as it acts as a stumbling block to the marriage of many poor maidens. That is why I say I am not unsympathetic towards the laudable objects aimed in the bill. But to the extent that it is a stumbling block to the marriage of poor maidens, it is a social evil. Inasmuch as it works hardship, to that extent reformation is necessary; but it is never a wise course to resort to legislation to accelerate the pace of social reform. We have to leave this matter to the fullness of time till society develops and brings about a change of public opinion to put down the system. I would also request the non-Christian Members to remember this fact, *viz.* that according to the Christian Act, no child in the Christian family is legally entitled to a share in the family property. The position is different according to Hindu Law. According to Hindu Law every child is born with a certain right to the property.

PRESIDENT : That is too wide a statement. Where there is ancestral property, under the Mitakshara law every male child is entitled to it.

MR. J. E. A. PEREIRA : All that I wish to point out is that the position is different according to Christian Law. A child could be cut off even without the proverbial penny of the ancestral properties by the parent making a will without assigning any reason and therefore a Christian daughter looks upon the dowry as her share by mamool and she thinks she can claim it although such claim is not legal; but by mamool she looks to this as her claim and what is proposed to be done is to do away with the dowry system without providing a counter balancing benefit. So I appeal to the non-Christian Members to consider the Anti-dowry bill from this standpoint and say whether this is the kind of legislation to be enforced in the State suddenly. To bring into existence such a piece of legislation all of a sudden to do away with a particular custom will have a very highly undesirable effect, especially when there is no provision to counter-balance that ideal. As such it is immature to think of bringing about such a

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. E. A. Pereira.]

legislation. The society must be left to itself to develop matters. It is to stress this aspect of the matter before the pointed out attention of the House I take this opportunity and I oppose the bill.

MR. P. KOCHUKRISHNA PILLAI: Sir, I oppose the introduction of the Bill. I refrained from speaking so far, because, I was awaiting the opinin of those who are competent to speak on the question of Anti-dowry; I mean, those honourable members who belong to the communities where the dowry system exists. After having heard the opinion of those honourable members, and also, having got some idea of the public opinion, I am firmly of the view that this is an unwanted piece of legislation. It is impossible to characterised this dowry system as a social evil as it is sought to be depicted by the mover and the supporters of the bill. Under what circumstances and for what reasons can the dowry system be characterised as a social evil has not been explained either by the mover or by those who support the measure. Let us examine this subject from the experience of the communities among whom the dowry system existed for long. I feel no hesitation to say, even at the outset, that, from the social and economic points of view, the two communities among whom this system is in existence for long—I mean the Christian and Brahmin communities—have been well off than the other communities among whom this system does not exist. A comparison of the social and economic conditions of these two communities with that of the other communities will clearly go to show that these two communities among whom the dowry system exists are far better off than the other communities; *e. g.*, the Nair and the Ezhava communities. If this is the real state of affairs, what is the justification for the argument that the dowry system is a "social evil".

Another argument of the learned mover was that the dowry system brings about very serious hardship to the members of the communities in which this system exists. I think that the learned mover is thinking of the financial strain in certain cases. Of course, no legislation can be considered perfect. Individual cases of financial hardship is no justification for any legislation or for wiping out any longstanding practice which has been proved to be beneficial as a whole. When I say this, I am not unmindful of the fact that in very rare cases the system may involve practical difficulties. From the hardship point of view of Legislation, one cannot say that the system is not satisfactory in its work. However, to characterise dowry system as a social evil is rather unsympathetic and baseless. From experience gained so far, my sincere opinion is that it has brought about happy results both from the economic and social standpoints and has led to material prosperity of the people and the progress of the society in so far as the communities in which the dowry system exists are concerned. On these grounds and on the basis of the concensus of the general public opinion within the State against the Anti-dowry Bill, I have to endorse the view that this is an unwanted piece of legislation. Hence I strongly oppose the introduction of the Bill.

LIBRARY ARCHIVES Kerala Legislative Assembly

MR. K. SUKUMARAN : ശ്രീമതി നാരായണിയമ്മ ഈ സഭയുടെ ആലോചനയ്ക്കായി ഇങ്ങനെ ഒരു ബിൽ അവതരിപ്പിച്ചതിൽ ഞാൻ അവരെ അൻമോദിക്കുന്നു. അനുമോദിക്കുന്നതോടൊപ്പം ശ്രീമതി നാരായണിയമ്മയുടെ ധീരതയെ ഞാൻ പ്രശംസിക്കുകയും ചെയ്യുന്നു. ധീരത എന്ന പദം ഞാൻ മനഃപൂർവ്വം പ്രയോഗിച്ചതാണ്. പുരോഗമനപരമായ സകല ആശയങ്ങൾക്കും പ്രതികൂലിക്കും വിലങ്ങുതടിയായി നിൽക്കുന്ന "പുരോഗമന സമുദായങ്ങളുടെ" നിലയെ വകവയ്ക്കാതെ ഏറ്റവും പുരോഗമനപരമായ ഈ ബിൽ അവതരിപ്പിക്കാൻ ധൈര്യപ്പെട്ട ശ്രീമതി നാരായണിയമ്മയെ അനുമോദിക്കുകതന്നെ വേണം.

MR. VARGHESE ITHAC : ആരാണ് പുരോഗമനത്തിനു വിലങ്ങുതടിയായി നിൽക്കുന്നതെന്നു പറയാമോ?

MR. K. SUKUMARAN : അതിനുത്തരം പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. സ്ത്രീധനസംപ്രദായം എവിടെ നിന്നു വന്നു? എങ്ങനെ വന്നു? പഴയകാലം മുതൽക്കുതന്നെ നാം കേട്ടിട്ടുള്ളതാണ് സ്ത്രീകളുടെ അസ്വതന്ത്രതയെപ്പറ്റി. "The perpetual tutelage of women" എന്ന പ്രാചീനറോമാസാമ്രാജ്യസിദ്ധാന്തം അനുസ്മരിപ്പിക്കുന്നു, അതായത് "നഃസ്ത്രീ സ്വാതന്ത്ര്യമർഹതി" എന്ന സിദ്ധാന്തത്തെ അനുസ്മരിക്കുന്നതാണ് ഈ സ്ത്രീധനസമ്പ്രദായം. അതിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തിൽ നിന്നുമാണ് സ്ത്രീധനത്തിന്റെ ഉത്ഭവം.

MR. CHAZHIKATTU JOSEPH : "നഃസ്ത്രീ സ്വാതന്ത്ര്യമർഹതി" എന്നു പറയുന്നത് റോമാസാമ്രാജ്യത്തിലെ തത്വമാണോ?

MR. K. SUKUMARAN : അത് സംസ്കൃതത്തിലുള്ള ഒരു ചൊല്ലാണ്. സ്ത്രീകൾക്കു പുരുഷന്മാരൊടൊപ്പം സ്വാതന്ത്ര്യവും സമത്വവും കൊടുത്തിരുന്നെങ്കിൽ സ്ത്രീധനസംപ്രദായം തന്നെ നടപ്പിൽ വരുമായിരുന്നില്ല. സ്ത്രീകൾക്കു സ്വാതന്ത്ര്യവും സമത്വവും സന്നാഭിക്കാനുള്ള ഒരു ദിവാഞ്ജരകൊണ്ടുമാത്രമാണ് സ്ത്രീധനസംപ്രദായം നിർത്തൽ ചെയ്യാൻ അവർ ഇന്ന് ആവശ്യപ്പെടുന്നത്. ശ്രീമതി നാരായണിഅമ്മ ഒരു ദശാബ്ദക്കാലത്തോളം ഈ സഭയിൽ സന്നിഹിതയായിരുന്നെങ്കിലും ഇതിനു മുൻപ് എന്തുകൊണ്ടു ഇത്തരത്തിലൊരു ബിൽ അവതരിപ്പിച്ചില്ല എന്നു ഞാൻ അത്ഭുതപ്പെടുകയാണു ചെയ്യുന്നത്.

MR. CHAZHIKATTU JOSEPH : അൺറി ഡൗറി ബിൽ പാസായാൽ സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പം ആകാമെന്നു വിചാരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. SUKUMARAN : ആൻറി ഡൗറി ബിൽ പാസ്സാകുന്നപക്ഷം, വലിപ്പത്തിൽ ഇല്ലെങ്കിലും സ്റ്റാറ്റസ്സിൽ പുരുഷന്മാരോടൊപ്പം ആകാമെന്നതന്നെയാണ് എന്റെ വിശ്വാസം. തിരുവിതാംകൂറിലെ സ്ത്രീകൾ മറ്റു രാജ്യങ്ങളിലെ സ്ത്രീകളെ അപേക്ഷിച്ചു പല കാര്യങ്ങളിലും കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുന്നതാണെന്നുള്ളതിനു സംശയമില്ല. അവർക്കു സാമ്പത്തികകാര്യത്തിൽ മാത്രമാണ് സമത്വമില്ലാത്തത്. അതിന്റെ പരിഹാരത്തിനാണ് ശ്രീമതി നാരായണിയമ്മ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതു. പല വീക്ഷണകോണത്തിൽ നിന്നുകൊണ്ടു, ക്രൈസ്തവ സമുദായത്തിന്റെ വീക്ഷണകോണത്തുനിന്ന്, നായർസമുദായത്തിന്റെ വീക്ഷണകോണത്തിൽനിന്ന്, ഈഴവസമുദായത്തിന്റെ വീക്ഷണകോണത്തിൽനിന്ന് ഈ ബില്ലിനെ പരിശോധിക്കേണ്ടതുണ്ട്. ഈ ബിൽ നടപ്പിൽ വരുന്നപക്ഷം ക്രൈസ്തവസമുദായത്തിനു ചില വൈഷമ്യങ്ങൾ കണ്ടേക്കാം. എന്നാൽ, ഈഴവസമുദായത്തിന്റെയൊ നായർസമുദായത്തിന്റെയൊ വീക്ഷണകോണത്തിൽനിന്ന് നോക്കിയാൽ—

MR. CHAZHIKATTU JOSEPH : ഏതു വീക്ഷണകോണത്തിൽനിന്നുകൊണ്ടാണു മെമ്പർ ഇപ്പോൾ നോക്കുന്നതു?

MR. K. SUKUMARAN : ഈഴവസമുദായത്തിന്റെ വീക്ഷണകോണത്തിൽ. ഒരു തിരുവിതാംകൂർകാരന്റെ വീക്ഷണകോണത്തിൽനിന്നുകൊണ്ടു ഈ ബില്ലിനെപ്പറ്റി എനിക്കു പറയുവാനുള്ളതു് പിന്നെ പറഞ്ഞുകൊള്ളാം. ഈഴവസമുദായത്തിന്റെ വീക്ഷണകോണത്തിൽനിന്നുകൊണ്ടുനോക്കിയാൽ ഈ ബില്ലിനെ സ്വാഗതം ചെയ്യാതിരിക്കാൻ നിവൃത്തിയില്ല. ക്രൈസ്തവസമുദായവും, ബ്രാഹ്മണസമുദായവുമാണ് സ്ത്രീധന സമ്പ്രദായം നിർബന്ധമായി അനുഷ്ഠിച്ചു വരുന്നതു്. അവരെ അനുകരിച്ചു ഈഴവസമുദായത്തിലെ ചില അംഗങ്ങളും ഈ സമ്പ്രദായത്തെ ഇപ്പോൾ പകർത്താൻ തുടങ്ങിയിട്ടുണ്ടു്. ഇങ്ങനെ ഇതൊരു സമുദായ വിപത്തായി പടർന്നു പിടിക്കാൻ തുടങ്ങിയിരിക്കുന്നു. ഈ സമ്പ്രദായത്തെ ഇപ്പോൾതന്നെ ഒരു നിയമംമൂലം തടയുന്നില്ലെങ്കിൽ എല്ലാസമുദായങ്ങളെയും ഇതു ഗ്രസിച്ചുകളയുമെന്നു് ഭയപ്പെടേണ്ടിയിരിക്കുന്നു. പണം കൊടുക്കാതെ ഭർത്താവിനെ കിട്ടുകയില്ലെന്ന ഒരു നില വന്നാൽ അതിൽപരം കഷ്ടം സ്ത്രീജനങ്ങൾക്കെന്നല്ല ലോകത്തിനു തന്നെ വേറെ വരാനുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഈഴവസമുദായത്തിൽ അല്പ കാലംകൂടി കഴിഞ്ഞാൽ ഏകദേശം ആ നില വന്നുചേരുകയില്ലേ എന്നു എനിക്കു് ബലമായ സംശയമുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MOHAMED : ഈ ബില്ലിനെ എസ്. എൻ. ഡി. പി. യോഗം സപ്പോർട്ട ചെയ്യുന്നുണ്ടോ?

MR. K. SUKUMARAN : എസ. എൻ. ഡി. പി. യോഗം ഈ ബില്ലിനെ സപ്പോർട്ട ചെയ്യുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ബില്ലിനെ സപ്പോർട്ടചെയ്യുന്നത്. ഈ നശിച്ച ഏർപ്പാടിൽനിന്നും സമുദായങ്ങളെ മോചിപ്പിക്കാൻ വേണ്ടിയാണ് ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നത്.

MR. A. P. UDAYABHANU: Is it right on the part of a young man to say that he will not marry a girl without money consideration? If things develop at that rate, what will society do?

MR. K. SUKUMARAN : മി. ഉദയഭാനു പറഞ്ഞതു വളരെ ശരിയാണ്. ഇംഗ്ലണ്ടിലെ അവസ്ഥ നോക്കുക. ഇംഗ്ലണ്ടിൽ ഭർത്താക്കന്മാരെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവിടത്തെ സ്ത്രീകൾക്കുണ്ട്. എന്നാൽ ഇവിടെ ഭർത്താക്കന്മാരെയൊ, ഭാര്യമാരെയൊ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം യുവതികൾക്കോ യുവാക്കന്മാർക്കോ ഇല്ല; നേരേ മറിച്ച് മാതാപിതാക്കന്മാർക്കാണുള്ളത്.

MR. A. K. BHASKAR : ഇപ്പോഴത്തെ നിലനിൽക്കുന്ന നിയമം ഭർത്താക്കന്മാരെ സ്വതന്ത്രമായി തിരഞ്ഞെടുക്കുന്നതിനു ബാധകമാണോ?

MR. K. SUKUMARAN : രക്ഷകർത്താക്കന്മാരുടെ കീഴിൽ നമ്മുടെ സ്ത്രീകളും കുഞ്ഞുങ്ങളും കഴിഞ്ഞുകൂടണമെന്ന ചിട്ട ഉള്ളിടത്തോളംകാലം ഇപ്പോഴിരിക്കുന്ന നിയമം അതിനു സഹായകമല്ല. ദുഃഖത്തെ വ്യഞ്ജിപ്പിക്കുന്നതിന് തിരുവിതാംകൂറിൽ രണ്ടു ചൊല്ലുണ്ട്. ഒന്നിന്റെ അർത്ഥം ആലോചിച്ചാൽ ഇവിടെ സ്ത്രീകൾക്കു ഭർത്താക്കന്മാരെ ലഭിക്കുന്നതിനുള്ള വൈഷമ്യങ്ങൾ എത്ര ഉഗ്രമായിരിക്കുന്നുവെന്ന് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. "കുരങ്ങു ചത്ത കാക്കാനെപ്പോലെയും" "പെണ്ണുപെറവീട്ടിലെ കാരണവനെപോലെയും" ഇതാണ് ദുഃഖത്തെ സൂചിപ്പിക്കുന്ന ആ ശൈലികൾ. എണ്ണകൊണ്ടു പെണ്ണുപെറവീട്ടിലെ കാരണവൻ ദുഃഖിതനായി തീരുന്നു? ആ പെണ്ണിനെ വളർത്തണമല്ലോ പഠിപ്പിക്കണമല്ലോ എന്ന വിചാരം കൊണ്ടല്ല. പ്രായമാകുമ്പോൾ അവളെ കല്യാണം കഴിപ്പിക്കണം, അതിനു ഭർത്താവു വേണം, ഭർത്താവുവേണമെങ്കിൽ പണമുണ്ടാക്കണം, ഈ ചിന്തകളാണ് ഒരു ക്രൈസ്തവകുടുംബാധിപനെ ദുഃഖിതനാക്കി തീർക്കുന്നത്.

ശ്രീമതി നാരായണിയമ്മയുടെ ബിൽ പാസായാൽ ക്രൈസ്തവസമുദായത്തിലെ പിൻതുടർച്ചാവകാശത്തിനു ഹാനിയുണ്ടാകുമെന്ന അഭി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Sukumaran.]

പ്രായം ഇവിടെ പറഞ്ഞുകേട്ടു. അതു ശരിയാണ്. ആൺമക്കളോടൊപ്പം പെൺമക്കളോടും വാത്സല്യം തോന്നുന്ന മാതാപിതാക്കന്മാർക്ക് ഈ പിൻതുടർച്ചാവകാശത്തെ ഭേദപ്പെടുത്തുന്നതിൽ വലിയ വിഷമമൊന്നും ഉണ്ടാകാനിടയില്ല. കുടുംബസ്വത്തിന് പുതുതും പുതുക്കും തുല്യമായ അവകാശം വേണമെന്നുള്ളതു കേവലം നീതിമാത്രമാണ്. ആൺസന്താനങ്ങൾക്കും, പെൺസന്താനങ്ങൾക്കും സ്വത്തിന്മേലുള്ള അവകാശം തുല്യമായിരിക്കണം എന്നതു് ഇന്നത്തെ സ്ത്രീ സമുദായത്തിന്റെ ഒരു പ്രധാന ലക്ഷ്യമാണു്. അതുകൊണ്ടു് ഏതു സമുദായത്തിൽ സ്ത്രീകൾക്കു സ്വത്തവകാശം ഇല്ലയോ ആ സമുദായം സ്ത്രീകൾക്കുകൂടി സ്വത്തവകാശം ഉണ്ടാക്കികൊടുക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്തേണ്ടതാണു.

MR. CHAZHIKATTU JOSEPH : അൻറി ഡൗറി ബിൽ പാസാക്കുന്നതു കൊണ്ടുള്ള ഉപയോഗം ക്രിസ്ത്യീയസമുദായത്തിലെ സ്ത്രീകൾക്കു, നായർ സമുദായത്തിലെയും ഈഴവസമുദായത്തിലെയും സ്ത്രീകളെപ്പോലെ സ്വത്തവകാശം ഉണ്ടാക്കി കൊടുക്കാൻ വേണ്ടിയാണെന്നു പറയുന്നതിൽ തെറ്റുണ്ടോ?

MR. K. SUKUMARAN : എന്നെ സംബന്ധിച്ചേടത്തോളം അതു വളരെ ശരിയാണ്. സ്വത്തുക്കിട്ടാനുള്ള അവകാശം എല്ലാ സമുദായത്തിലും പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും ഉണ്ടായിരിക്കണം.

MR. CHAZHIKATTU JOSEPH : ഈ സംപ്രദായം നായർസമുദായത്തെ നശിപ്പിക്കുന്ന ഒന്നാണെന്നു മി. വേലപ്പൻ നായർ അഭിപ്രായപ്പെട്ടതു് ബഹുമാനപ്പെട്ട മെമ്പർ കേട്ടോ?

MR. K. SUKUMARAN : അതു് മി. വേലപ്പൻ നായരുടെ അഭിപ്രായമാണ്.

MR. CHAZHIKATTU JOSEPH : മി. വേലപ്പൻ നായരുടെ അഭിപ്രായം ശരിയാണെങ്കിൽ ഇന്നു് അഭിവൃദ്ധിയിലിരിക്കുന്നു എന്നു പറയപ്പെടുന്ന ക്രൈസ്തവസമുദായത്തിന്റെ അഭിവൃദ്ധിയെ അതു സാരമായി ബാധിക്കുകയില്ലേ?

MR. K. SUKUMARAN : ഇല്ല. അനുഭവം നേരേ മറിച്ചായിരിക്കും.

MR. CHAZHIKATTU JOSEPH: ബിൽ എങ്ങിനെയെങ്കിലും നിയമമാക്കി ക്രിസ്ത്യീയസമുദായത്തിന്റെ ഇന്നത്തെ അഭിവൃദ്ധിയെ നശിപ്പിക്കണമെന്നാണോ മെമ്പറിന്റെ അഭിപ്രായം?

MR. K. SUKUMARAN : ക്രിസ്ത്യീയസമുദായത്തിലെ സ്ത്രീകളുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ചുകൂടിയാണു് ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നതു.

LIBRARY ARCHIVES Kerala Legislative Assembly

MR. CHAZHIKATTU JOSEPH : ക്രിസ്ത്യനിസ്ത്രീകളുടെ കാര്യത്തിൽ മെമ്പർക്ക് എന്താണ് ഇത്ര താല്പര്യം.

MR K. SUKUMARAN വിശേഷാൽ കാര്യമൊന്നുമില്ല. ക്രിസ്ത്യാനി സ്ത്രീകളെക്കാൾ ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നത് ഈഴവസ്ത്രീകളെ തന്നെയാണ്.

MR. CHAZHIKATTU JOSEPH : ക്രസ്ത്യനി സ്ത്രീകളോടുതാല്പര്യം വേണ്ട തന്നെ.

MR. K. SUKUMARAN : തീർച്ചയായും ഉണ്ടായിരിക്കുകയുമില്ല. ശ്രീമതി നാരായണിയമ്മ, സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഒരു ശാപമായി കരുതപ്പെടുന്ന അവരുടെ ഒരു അവശത നീക്കാൻ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ സ്ത്രീസ്വാതന്ത്ര്യത്തിന്റെ പേരിൽ—സമത്വത്തിന്റെ പേരിൽ—സാഹോദര്യത്തിന്റെ പേരിൽ—പുരോഗതിയുടെ പേരിൽ ഞാൻ ശക്തിയായി അനുകൂലിക്കുന്നു.

MR. P. K. KUMARAN : സർ, ശ്രീമതി നാരായണിയമ്മ ഈ സഭയുടെ പര്യാലോചനയ്ക്ക് കൊണ്ടുവന്നിരിക്കുന്ന സ്ത്രീധനനിരോധനബില്ലിനെ ഞാൻ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. ഒരു പ്രത്യേക കാരണം കൊണ്ടാണു ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നതും. ബഹുമാന്യനായ മി. കേശവശാസ്ത്രി മുൻപു് ഇവിടെ പ്രസ്താവിച്ചതുപോലെ സാധാരണ സമുദായത്തിന്റെ ഇടയിൽ ഒരു ചട്ടം ഉണ്ടായിരുന്നു. ഈ രാജ്യത്തിലെ പറയർ, പുലയർ, കുറവർ, മുതലായ അവശസമുദായങ്ങളുടെ ഇടയിൽ മുൻപു് നിലവിലിരുന്നിരുന്ന ആ ചട്ടം അതേപ്രകാരം ഇന്നു് ഒരു വ്യവസ്ഥയിൽ കൊണ്ടുവരുവാൻ ആ സമുദായങ്ങൾ ആഗ്രഹിക്കുന്നു. പറയസമുദായത്തിൽ ഒരു പുരുഷൻ മൂന്നു രൂപയും ഒരു പറ നെല്ലും ഒരു സ്ത്രീക്കു കൊടുത്താൽ മാത്രമേ വിവാഹം നടത്താവൂ എന്നാണു ചട്ടം എങ്കിൽ ഇന്നത്തെ പരിഷ്കൃതലോകത്തിലെ സംപ്രദായം അനുസരിച്ചു പറയസമുദായത്തിൽ സ്ത്രീധനം അങ്ങോട്ടു കൊടുത്തെങ്കിൽ മാത്രമേ ഇപ്പോൾ ഒരു സ്ത്രീക്കു ഒരു പുരുഷനെ വിവാഹം ചെയ്യാൻ സാധിക്കുകയുള്ളൂ എന്നു വന്നിരിക്കുന്നു. മറു സമുദായങ്ങളുടെ അടുക്കടികളായി താമസിക്കുന്ന പറയസമുദായാംഗങ്ങൾ അവർ വിവാഹകാര്യത്തിൽ അനുവർത്തിച്ചുപോരുന്ന നടപടികളെ കണ്ടു പഠിക്കുന്നതുകൊണ്ടാണു ഇങ്ങനെ വരുന്നതു്.

MR. E. K. MADHAVAN: സ്ത്രീധനം കൊടുക്കാതെ കല്യാണം കഴിക്കാൻ സമ്മതമില്ലെന്നു പുരുഷന്മാർ പറയുന്നു. സ്ത്രീകൾക്കും അതുപോലെ പറയരുതോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KUMARAN : അതു കണ്ടുതന്നെ അറിയണം. അതിനാൽ സ്ത്രീധനനിരോധനബിൽ ഈ രാജ്യത്തിലെ അവശസമുദായങ്ങൾക്കു ഏറ്റവും ആവശ്യമാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഈ സ്ത്രീധന നിരോധന ബിൽ വന്നാൽ അതു് അവശസമുദായങ്ങളോടു ചെയ്യുന്ന ഒരു വലിയ കാരുണ്യമായിരിക്കും. മറ്റു സമുദായക്കാരെപ്പറ്റി ഞാൻ ഒന്നും തന്നെ പറയുന്നില്ല. സാധാരണ സമുദായങ്ങൾ അനുഷ്ഠിച്ചുപോരുന്ന സംപ്രദായത്തെ ആസ്പദമാക്കി നോക്കുമ്പോൾ ഈ സ്ത്രീധനനിരോധനബിൽ വളരെ അത്യാവശ്യമാണെന്നു കാണാൻ കഴിയും. പണം കൊടുത്താൽ മാത്രമേ വിവാഹം ചെയ്കയുള്ളൂ എന്ന നിർബന്ധം നിറുത്താൻ ഈ ബിൽ ഏറ്റവും ഉപകരിക്കുന്നതാണു്. അതുകൊണ്ടു ഈ ബിൽ നിയമമാകുന്നപക്ഷം അവശസമുദായക്കാർക്കാണു് ക്ലുതൽ ഉപകാരപ്രദമായിരിക്കുന്നതു്. ഇപ്പോൾ ഒരു ഭരണപരിഷ്കാര പ്രഖ്യാപനം തന്നെ പുറപ്പെടുവിക്കാനുള്ള സന്മനസ്സും കാരുണ്യവുമുണ്ടായ ദിവാൻജിഅവർകൾ ഏറ്റവും ഭരണകുശലതയോടുകൂടി രാജ്യഭരണം നടത്തുന്ന ഈ ഘട്ടത്തിൽ സ്ത്രീധനസംപ്രദായത്തിൽ നിന്നും അവശസമുദായങ്ങളെക്കുടി സംരക്ഷിക്കണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്തുകൊള്ളുന്നു.

MR. V. MADHAVAN : ശ്രീമതി നാരായണിയമ്മ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന സ്ത്രീധനനിരോധനബില്ലിനെ ഞാൻ എതിർക്കുകയാണു് ചെയ്യുന്നതു്. ഈ ബിൽ പാസാകുന്നപക്ഷം സമുദായത്തിനു സാരമായ ചില ദോഷങ്ങൾ ഉണ്ടാകുമെന്നു എന്റെ ചില മാന്യസ്നേഹിതന്മാർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതെല്ലാം ശ്രദ്ധേയങ്ങളായ സംഗതികളാണെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ദോഷരഹിതമായി ലോകത്തു ഒരു സംഗതിയും കാണുവാൻ പ്രയാസമാണു്. ഏതു വിഷയം എടുത്താലും അതിൽ ഗുണത്തോടൊപ്പം അല്പമല്പം ചില ദോഷങ്ങളും കണ്ടേക്കാം. അങ്ങനെ താരതമ്യേന നോക്കുമ്പോൾ ദോഷങ്ങളെയെല്ലാം അതിലംഘിച്ചു് ഈ ബിൽ സമുദായത്തിനു ഗുണം വരുത്തുവാൻ പോകുന്നില്ലെന്നും നേരെ മറിച്ചു് ചില ദോഷങ്ങൾ ഉണ്ടാക്കുവാൻ കഴിയുമെന്നുംകുടി ചൂണ്ടിക്കാണിക്കാവുന്നതാണു്. തിരുവിതാംകൂറിലെ മക്കത്തായികളായ ഹിന്ദുക്കളും ക്രിസ്ത്യാനികളും പരമ്പരയാ ആചരിച്ചുപോരുന്ന ഒരു സംപ്രദായമാണു സ്ത്രീധന ഇടപാടു്. ക്രിസ്ത്യാനികൾ ആരും തന്നെ ഈ സ്ത്രീധന ഏർപ്പാടു തികച്ചും തങ്ങൾക്കു ഹാനികരമാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

മുറവിളി കൂട്ടിയതായി ഞാൻ അറിയുന്നില്ല. അവരുടെ സംഘടനകളും അപ്രകാരം അഭിപ്രായപ്പെട്ടിട്ടില്ല. നേരേമറിച്ച് ഈ ബിൽ അവതരിപ്പിച്ചതിനുശേഷം ഇതു നിയമസഭയിൽ പാസാക്കാൻ ആലോചിക്കുന്നു എന്നറിഞ്ഞതോടുകൂടി, സ്ത്രീധനം ഒരു നിർബന്ധവിഷയമായി ആചരിച്ചുപോരുന്ന ആ സമുദായക്കാർ അതിനെ പ്രതിഷേധിച്ചുകൊണ്ട് ചില പ്രസ്താവനകളും പുറപ്പെടുവിക്കുകയും അവരുടെ ചില യോഗങ്ങളിൽ നിശ്ചയങ്ങളും പാസാക്കുകയും ചെയ്തതായി നമുക്കു കാണുവാൻ കഴിയുന്നതാണ്. ഇതുകൊണ്ട് ആ സമുദായത്തിന്റെ മനോഗതി എന്താണെന്നു മറ്റുള്ളവർക്കു മനസ്സിലാക്കുവാൻ കഴിയും. എന്റെ ചില സ്നേഹിതന്മാർ ഈഴവസമുദായത്തിന്റെ വീക്ഷണകോണത്തിൽ നിന്നുകൊണ്ടു ചില അഭിപ്രായങ്ങളും പറഞ്ഞുകേട്ടു.

MR. K. K. CHELLAPPAN PILLAI : പണമില്ലാത്ത സമുദായക്കാരുടെ പ്രതിനിധികളും പറഞ്ഞതെന്താണെന്നു മെമ്പർ കേട്ടോ?

MR. V. MADHAVAN : അതും കേട്ടു. ഞാൻ അറിഞ്ഞിട്ടുള്ളിടത്തോളം പുലയസമുദായത്തിന്റെയോ അല്ലെങ്കിൽ പറയസമുദായത്തിന്റെയോ ഇടയിൽ സ്ത്രീധനം കിട്ടിയാൽ മാത്രമേ വിവാഹം ചെയ്കയുള്ളു എന്നു നിർബന്ധമുള്ളതായി ഞാൻ കേട്ടിട്ടില്ല. പണം കൊടുക്കാൻ നിവൃത്തിയില്ലാത്ത ഒരു സ്ഥാനത്തുനിന്നും ആരാണു പണം ചോദിക്കാൻ ഒരുമ്പെടുന്നതു? പ്രായേണ നിർദ്ധനനായ ഒരാൾ അതേ നിലയിലുള്ള ഒരു സ്ത്രീയെ വിവാഹം ചെയ്യുവാൻ പണം ആവശ്യപ്പെടുന്നതായി സാധാരണ കാണുന്നില്ല. പിന്നെ ആ വാദഗതിക്കു മൂർച്ചകൂട്ടാൻവേണ്ടി അതുംകൂടി ഒരു വാദമായി പറയുന്നു. എന്നാൽ അവരുടെ കാര്യങ്ങളെക്കുറിച്ചു കുറെയെല്ലാം അറിയാൻ കഴിയുന്ന എനിക്കു ആ വാദം സ്വീകരിക്കുവാൻ നിവൃത്തിയില്ല. അനേകം ക്രിസ്ത്യാനികളും താമസിക്കുന്ന വടക്കൻതിരുവിതാംകൂറിൽനിന്നു വരുന്ന ഒരാളാണു ഞാൻ. സ്ത്രീധനസമ്പ്രദായം ആ സമുദായത്തിനു ഒരു അനുഗ്രഹമായിട്ടാണു എനിക്കു തോന്നുന്നതു. എത്ര ചെറിയ കുടുംബമായിരുന്നാലും ഒരു സ്ത്രീയുടെ മുഴുവൻ ഭാരവും ഒരു ഭർത്താവുതന്നെ വഹിക്കുകയെന്നുള്ളതു ആ വിവാഹത്തിനുതന്നെ എതിരാണ്. അതിനെ ഏറെക്കുറെ തടയുന്നതിനും സ്ത്രീധനം ഉപകരിക്കും. എന്റെ മാന്യസ്നേഹിതൻ മി. സുകുമാരൻ പറഞ്ഞ "പെണ്ണുപെറാ വീട്ടിലെ കാരണവനെപ്പോലെ" എന്ന പഴഞ്ചൊല്ലു ആ പെണ്ണുകെട്ടി പ്രായമാകുമ്പോൾ ഒരു ഭർത്താവിനോടു ചോക്കുവാൻ ആ കാരണവർക്കുണ്ടാകുന്ന ക്ലേശത്തേയും ഉത്തരവാദത്തേയും പ്രതിഫലിപ്പിക്കുകയാണു ചെയ്യുന്നതു. ഒരു സ്ത്രീ ഒരു കുടുംബത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ജനിച്ചുകഴിഞ്ഞാൽ ആ സ്ത്രീക്ക ധനസംബന്ധമായി ചെയ്യേണ്ടുന്ന സഹാ യത്തെ സംബന്ധിച്ചുള്ള വിചാരം ആ കാരണവന്റെ മനസ്സിൽ ഉള്ളതു കൊണ്ടാണു അദ്ദേഹത്തിനു അക്കാര്യത്തിൽ ഉത്സാഹമുണ്ടാകുന്നതു്. ആ ഉത്തരവാദബോധം നന്മക്കുള്ള വഴിയാണു്.

MR. K. K. CHELLAPPAN PILLAI: പണത്തെ ആഗ്രഹിച്ചുകൊണ്ടുള്ള വിവാഹം വാസ്തവത്തിൽ ദോഷമല്ലയോ?

MR. V. MADHAVAN എന്റെ സ്നേഹിതൻ എന്നെക്കൊണ്ടു പറയിക്കണമെന്നുദ്ദേശിക്കുന്ന വിധത്തിൽ ഇത്തരം വിവാഹം ഞാൻ ദോഷകരമാണെന്നു വിചാരിക്കുന്നില്ല. എന്തെന്നാൽ പണത്തെ അടിസ്ഥാനമാക്കിയുള്ള വിവാഹം ദാമ്പത്യജീവിതത്തിൽ വഹിക്കേണ്ടിവരുന്ന ഉത്തരവാദിത്വത്തെയാണു പ്രകടമാക്കുന്നതു്. പണത്തോടുകൂടിയുള്ള വിവാഹം ദോഷത്തെക്കാൾ ഗുണപ്രദമായിട്ടാണു് പലരുടെയും കാര്യത്തിൽ അനുഭവപ്പെട്ടിട്ടുള്ളതു്. ഒരു കുടുംബജീവിതം തുടങ്ങുന്നതിനുവേണ്ടി ഭാര്യാഭർതൃബന്ധത്തിൽ ഏർപ്പെട്ടുകഴിഞ്ഞാൽ അവക്കു ചില ഉത്തരവാദിത്വവും അവരുടെ ജീവിതത്തെപ്പറ്റിയുള്ള ഒരു ബോധവും അവക്കു വന്നുകൂടുന്നു. ആ സന്ദർഭത്തിൽ അവരുടെ കുടുംബജീവിതം അഭിവൃദ്ധികരമായി കൊണ്ടുപോകുന്നതിനു ഭാര്യവഴി കിട്ടുന്ന ചെറുമുല്യം പോലും സഹായകമായിരിക്കും. ഇന്നു ക്രിസ്ത്യാൻ കുടുംബജീവിതത്തിൽ കാണുന്ന അഭിവൃദ്ധിയുടെ പ്രധാന കാരണങ്ങളിൽ ഒന്നു അവരുടെ സ്ത്രീധന ഏർപ്പാടു് ആയിരിക്കണം. എന്റെ ചില സ്നേഹിതന്മാർ പറഞ്ഞതുപോലെ, ക്രിസ്ത്യാൻ സമുദായം അധഃപതിച്ചുപോകുകയല്ല ചെയ്യുന്നതു്. നേരേമറിച്ചു് മറ്റുള്ളവക്കു മാതൃകയായി, മറ്റുള്ളവക്കുകൂടി അനുകരിക്കണമെന്നു തോന്നത്തക്ക നിലയിൽ ദൈനംദിനം അവർ അഭിവൃദ്ധിപ്പെട്ടുകൊണ്ടാണിരിക്കുന്നതു്. തന്മൂലം സ്ത്രീധനസമ്പ്രദായം, ഒരുപക്ഷെ, മറ്റുള്ള സമുദായക്കാരും കൂടി പകർത്താൻ തുടങ്ങിയിരിക്കാം. ഇന്നലെ മി. ചാഴിക്കാട്ടുജോസഫ് പറഞ്ഞതുപോലെ വൈരൂപ്യംകൊണ്ടോ, മറ്റു ന്യൂനതകൾ കൊണ്ടോ വിവാഹത്തിനു അനുകൂലസാഹചര്യമില്ലാത്തവരെ പണത്തിന്റെ പേരിലെങ്കിലും ഓരോരുത്തരുടെ സ്ഥിതിയനുസരിച്ചു് വിവാഹം ചെയ്തുകൊടുക്കാൻ കഴിയുന്ന ഒരു സംപ്രദായത്തെ നാം എന്തിനു നിരോധിക്കുന്നു? എന്റെ സമുദായത്തെപ്പറ്റി പറയാം. എസ്. എൻ. ഡി. പി. യോഗം ജനറൽ സിക്രട്ടറിയായിരിക്കുന്ന മി. ആർ. ശങ്കർ അടുത്ത അവസരത്തിൽ കോളേജിന്റെ ധനശേഖരണാർത്ഥം നടന്ന ഒരു യോഗത്തിൽവച്ചു് പറഞ്ഞതു, ഈഴ

LIBRARY ARCHIVES Kerala Legislative Assembly

വരുടെ ഇടയിൽ, ധനവാന്മാരായിട്ടുള്ളവരുടെ സന്താനങ്ങൾ വിദ്യാഭ്യാസ വിഷയത്തിൽ പിന്നോക്കം നിൽക്കുന്നു എന്നാണ്. അതു പരമാർത്ഥ മാണ്. അങ്ങനെയുള്ള ധനവാന്മാരുടെ പെൺകുട്ടികൾക്കു ഭർത്താക്ക ന്മാരെ കിട്ടുവാൻ പ്രയാസമില്ല. അവർ നിർദ്ധനന്മാരും എന്നാൽ പഠിത്തത്തിൽ സമർത്ഥന്മാരുമായ ചെറുപ്പക്കാരെ ധനസഹായം ചെയ്തു പഠിപ്പിച്ചു തങ്ങളുടെ പുത്രികളെ വിവാഹം ചെയ്തുകൊടുക്കുന്നതായിട്ടു എനിക്കു അനുഭവമുണ്ട്. അത്തരം കുടുംബങ്ങൾ ഐശ്വര്യത്തിലും സമാധാനത്തിലും കഴിയുന്നതായിട്ടും ഞാൻ കണ്ടിട്ടുണ്ട്. വളരെക്കാല മായി ആചരിച്ചുവരുന്ന സമുദായക്കാർക്കു വളരെ നല്ലതെന്നു തോന്നുന്ന ഒരു ഏർപ്പാടിനെ അതിൽ ദോഷങ്ങളും, ഉണ്ടെന്നിരുന്നാൽതന്നെ, മറ്റുള്ളവർക്കും അനുഭവണീയമെന്നു കാണുന്ന നിലക്കു വിധ്വംസം ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

MR. K. K. CHELLAPPAN PILLAI : ക്രിസ്ത്യാനികളെ ഈ നിയമത്തിൽ നിന്നും ഒഴിവാക്കുന്നപക്ഷം ബില്ലിനെ അനുകൂലിക്കുവാൻ മെമ്പർക്കു സമ്മതമാണോ?

MR. V. MADHAVAN : പിന്നെ ആക്കുവേണ്ടിയാണ് ഈ നിയമം ഇവിടെ പാസാക്കുന്നതു്? സ്ത്രീധനം നിർബ്ബന്ധമായി കൊടുക്കണമെന്നു ക്രിസ്ത്യാനികൾ വിചാരിക്കുന്നതുപോലെ മറ്റാരുംതന്നെ വിചാരിക്കു ന്നില്ല.

MR. K. K. CHELLAPPAN PILLAI : സ്ത്രീധനപ്പിടുത്തം നടത്തിവരുന്ന നായർസമുദായം, ഈഴവസമുദായം തുടങ്ങിയ ചില സമുദായങ്ങൾക്കു ദോഷം സംഭവിക്കാതിരിക്കാൻ ഈ ബിൽ ആവശ്യമാണെന്നു മെമ്പർ കരുതുന്നുണ്ടോ?

MR. V. MADHAVAN : അങ്ങനെ ഞാൻ കരുതുന്നില്ല.

MR. K. R. NARAYANAN : ഇതിനെപ്പറ്റി ക്രിസ്ത്യൻ സമുദായത്തിലെ സ്ത്രീകളുടെ അഭിപ്രായംകൂടി അറിഞ്ഞിട്ടു ഈ ബിൽ അവർ സ്വീകരിക്കു ന്നപക്ഷം മാത്രം മെമ്പർക്കു സ്വീകരിക്കുന്നതിന് വിരോധമുണ്ടോ?

MR. CHAZHIKATTU JOSEPH : സർ, ഈ ചോദ്യം മി. നാരായണൻ ഇന്നലെ എന്നോടു ചോദിച്ചതാണ്. ക്രിസ്ത്യൻസമുദായത്തിലെ സ്ത്രീക ളുടെ അഭിപ്രായംകൂടി അറിഞ്ഞുകൊണ്ടാണ് ഞങ്ങൾ ഈ ബില്ലിനെ എതിർക്കുന്നതു്.

MR. K. K CHELLAPPAN PILLAI: On a point of order Sir

PRESIDENT: As a matter of fact there is no question or point of order at all, because all order is abolished. Here is a gentle.

LIBRARY ARCHIVES Kerala Legislative Assembly

[President]

man who has finished his Speech. Presumably, therefore, he is finished so far as this House is concerned. In the meantime Mr. Narayanan asks a question. In the interval, arising out of a question from Mr. Narayanan, Mr. Joseph starts another question. In the meantime again Mr. Chellappen Pillai raises a point of order or begins another statement. Mr. Yesudian will now speak:

MR. BRAHMAPURAM P. YESUDIAN: ஸர், இந்த மஹாசபைக்கு முன்னால் ஸ்ரீமதி நாராயணி அம்மாள் அவர்களால் கொண்டுவரப்பட்டிருக்கும் ஸ்திரீதன ஒழிப்பு மசோதாவைப்பற்றி நான் சில காரியங்கள் பேச விரும்புகிறேன். முதலாவது நான் இந்த மசோதாவை பூர்ணமாக ஆதரிக்கிறேன். இந்த நியமத்திற்கு இந்த மஹாசபை மெம்பர்களும், திவான் பிரஸிடெண்டு அவர்களும் அநுகூலமாஞல், இந்த நாட்டில் இதற்கு எதிர்ப்பில்லை என்று சொல்லிவிடலாம். பெண் இனத்தவர்களுக்கு இது ஒரு கண்ணியமான புண்ணியமாகும். இந்த ஸ்திரீதனத்தினால் அனேகம் குடும்பங்கள் பாழடைந்து விட்டன. அதிலும் தாழ்த்தப்பட்ட ஜாதியிலுள்ள குடும்பங்கள் முன்னேற்றமடையாமலிருப்பதற்குக் காரணம் இந்த ஸ்திரீதனந்தான் என்று இங்கு பலமாய்ச் சொல்லிக்கொள்கிறேன். ஸர், ஸ்திரீதனம் என்பது எல்லா ஜாதியாரையும், மதத்தினரையும், சமுதாயத்தையும் பீடித்திருக்கும் ஒரு தொத்துவியாதி. இதை அறவே ஒழித்தாலொழிய ஏழைஜனங்கள் முன்னேற்றமடையாது. இந்தியா நாட்டு ராஜ்யங்களில் எல்லாத் துறைகளிலும் முன்னணியில் நிற்பது நமது ராஜ்யம். தாழ்த்தப்பட்ட ஏழைஜனங்களின் முன்னேற்றத்திற்கும், கட்டாயக்கல்வி, இலவசப்பிரவேசனம் இன்னும் அனேக முற்போக்கான காரியங்களைச் செய்த நமது காருண்யகவர்ண்மென்டார், இந்த ஸ்திரீதனம் என்ற தொத்துவியாதியையும் சட்டபூர்வமாகத் தலைக்கவேண்டும். முன்காலத்தில் ராஜாக்கள்கூட சங்கும் ஆடையும் மாத்திரம் ஸ்திரீதனமாகக் கொடுத்திருக்கிறார்கள் என்று சரித்திரங்கள் கூறுகின்றன. பணம் அல்லது பொன் அல்லது திரவியம் கொடுத்ததாகக் காணவில்லை. இது சேரநாடு. சேர, சோள, பாண்டிய ராஜாக்கள் விவாகமானவுடன் ஏதாவது ஒரு புலவரை, ஓட்டக் கூத்தர், கம்பர், புகழேந்தி இவர்களைபோன்ற ஒரு வித்துவானை பெண்ணுடன் புருஷன் வீட்டுக்கு அனுப்பினார்களென்று கேட்டிருக்கிறோம். நமது நாட்டில் பணக்காரக் குடும்பங்கள் என்று சொல்லுவது வெகுசில. மீதி பூராவும் ஏழைக்குடும்பங்கள். இந்த ஸ்திரீதனம் கொடுத்துவந்ததினால் அனேகம் ஏழைக் குடும்பங்கள் கஷ்டநஷ்டங்களை அடைந்திருக்கின்றன. 10, 16 வீடுகளுள்ள கிராமத்தில் ஒரு தனவந்தர் வீட்டில் தம் பெண் பிள்ளைக்கு சரியான சமயத்தில் ஸ்திரீதனம் கொடுத்து விவாகம் செய்து கொடுத்து சந்தோஷமாகயிருக்கும்போது, பாக்கி ஏழை குடும்பங்களிலுள்ள பெண்பிள்ளைகள், தங்களுக்கும் அவர்களின் பெற்றோர்களுக்கு ஸ்திரீதனம் கொடுத்து விவாகம் செய்துகொடுக்க முடியவில்லையே என்று சங்கடப்படும் காட்சி எந்தக் கல்மனத்தோரையும் உருக்கும். ஸ்திரீதனம் கொடுக்கப் பணமில்லாததினால்தான் தங்களுக்குச் சரியான வரன் கிடைக்கவில்லை என்று அனேகம் பெண்கள் தற்கொலை செய்துகொள்வதற்குக்கூட துணிந்திருக்கிறார்கள். இன்னும் சிலர் இக்கா

LIBRARY ARCHIVES Kerala Legislative Assembly

ரணத்தால் துஷ்டர்களின் வலையில் சிக்கி தங்கள் கற்பையே இழந்திருக்கிறார்கள். ஸ்திரீதனம் கொடுத்த தனவந்தர்கள், செல்வந்தர்களாயிருக்கிறார்களா? இல்லை. ஸ்திரீதனம் கொடுத்து தாங்களும் கெட்டுப்போய் விட்டார்கள். முன்னேற்றமடைந்த சமுதாயங்களில் வெகு வெகு சிலரே தனவந்தர்கள். பின்னேக்கி சமுதாயங்கள் என்று சொல்லப்பட்ட 10, 20 சமுதாயங்களிலுள்ளவர்கள் யாவரும் ஏழைகள். அன்றாடம் கூலிவேலை செய்து பிழைப்பவர்கள். அப்படியுள்ளவர் ஸ்திரீதனம் கொடுத்துத் தங்கள் பெண்குழந்தைகளை விவாகம் செய்துகொடுக்க முடியுமா? 22 T. L. R. 246 இது நமது ஹைக்கோர்ட்டு விதி. ஐரோப்பியர் Mr. W. H. Hunt, Sir P. சதாசிவய்யர்--பிராமணர்--இவர்கள் இரண்டு பேரும் இந்த நம்பர் விதியை விதித்தார்கள். இந்த விதியில் ஏகதேசம் 25 ஜாதிகளை சேர்த்திருக்கிறார்கள். இந்த ஜாதிகள் ஹிந்துமதத்திலிருந்து கிருஸ்துவர்களானவர்கள். இவர்களுக்கு கிருஸ்து மதத்தில் விஸ்வாசம். ஆனால் குலாசாரங்கள் முழுவதும் ஹிந்துமதத்தோடும், ஹிந்துக்களோடும் ஒட்டியிருப்பதினால் இவர்களைக் கிருஸ்துவர்களென்று தீர்மானிக்கவே முடியாது. இவர்களை ஹிந்துக்களாகவும், ஹிந்துமிதாக்ஷரநேமப்பிரகாரந்தான் நடத்தவேண்டியது. இப்படியே திருவாங்கூரில் கிருஸ்துவர்களிருக்கிறார்கள். ஆகையால் திருவாங்கூர் கிருஸ்துவர்களுக்கு கிருஸ்துவர்கள் பேரால் இந்த மசோதாவை எதிர்க்க யாதொரு அவகாசமுமில்லை.

ஸர், இந்த நாட்டில் பதிமூன்று லக்ஷம் ஏழை மக்கள் கஷ்டப்படுகிறார்கள். இந்தவிதமான மசோதாவருமானால் அவர்களுக்குப் பல நன்மைகள் ஏற்படும். முன்பு பத்து, இருபதினாயிரம் ரூபாய் ஸ்திதியுள்ளவர்கள், ஸ்திரீதனம் கொடுத்து, தங்கள் சொத்தை இழந்து, வேறு எஜமானர்களிடம் வேலை செய்து பிழைத்துக் கொண்டிருக்கிறார்கள். படித்த ஆண்பிள்ளைகள் ஸ்திரீதனத்தை எதிர்பார்த்து, விவாகம் செய்துகொள்ளாமல் ஊர் சுற்றிக் கொண்டிருக்கிறார்கள். இந்தப்பட்டணத்திலுமிருக்கிறார்கள். நான் அவர்கள் பேரைச் சொல்ல வெட்கப்படுகிறேன். இந்த தாழ்ந்த சமுதாயத்திலுள்ள சில பையன்கள்—இதோ இந்த ஹாலூர் ஆபீஸில் வேலை பார்த்துக்கொண்டிருப்பவர்கள்—இனியும் லீவு எடுத்துக்கொண்டு ஸ்திரீதனத்தோடு பெண்கள் எங்கு கிடைக்குமென்று ஊர் ஊராகத்திரிந்து கொண்டிருக்கிறார்கள்.

அந்த வாலிபர்கள் தங்களுக்கு ஸ்திரீதனம் வேண்டுமென்று த்ராக்ஷும் படியும் கொண்டு நிறுத்துவாங்கத்திரிகிறார்கள் என்பது எனக்குத்தெரியும். ஸ்திரீதனத்திற்கு ஆசை கொண்டுதான் தனக்குக்குக்கூடதலான வயதடைபவரும் அழகும், குணமில்லாபெண்களை விவாகம் செய்து குடும்பங்கள் சமாதானமில்லாமல் வாழ்ந்துவரவே, புருஷனே மனைவிக்கு அடிமையாகவும், மனைவியாகவும் வாழ்ந்து, 2, 3 பிள்ளைகள் பெற்ற பின்பும், வழக்கினால் விவாகம் பிரித்து விடப்பட்டவர்களுமுண்டு என்பது எனக்குத்தெரியும். ஆதலால் இந்த மாதிரி ஒரு மசோதா பாசானால் தாழ்தப்பட்ட சமுதாயங்களுக்கு ஒரு பெரிய நிவர்த்தி கிடைக்கும். என்வீட்டுப்பக்கத்தில் ஒரு கனவான்இருந்தார். அவருக்கு மூன்று பெண்கள். முதல் பெண்ணை ஸ்திரிதனம் கொடுத்து விவாகம் செய்து கொடுத்தார். பாக்கி இரண்டு பெண்களுக்கும் ஸ்திரிதனம் கொ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Brahmapuram P. Yesudian]

டுத்து விவாகம் செய்து கொடுக்க வழியில்லாமல், அந்த இரண்டு பெண்களும் முதல் பெண்ணுக்கு அடிமைகளாக ஜீவிக்கிறார்கள். இதற்குக் காரணம் ஸ்திரீதனந்தான். ஆதலால் எந்த விதத்திலாவதுகாருண்ய கவர்மெண்டார் இந்த ஸ்திரீதன ஒழிப்பு மசோதாவை பாசாக்குவார்களென்று நம்பி என் அபிப்பிராயத்தை முடித்துக் கொள்கிறேன்.

MR. CHAZHIKKATTU JOSEPH stood up.

MR. BRAHMAPURAM P YESUDIAN: ഞാൻ 40വരുഷങ്ങൾ ബ്രിട്ടീഷ് ഇന്ത്യായിൽ വേലചെയ്തുകൊണ്ടുവന്നിരുന്നിട്ടുണ്ട്. ഇന്ത്യയിലുള്ള വിഷയങ്ങളെപ്പറ്റിയ അനുഭവജ്ഞാനം എനിക്കുണ്ട്. ഇപ്പറഞ്ഞ മസോദാ ആവശ്യമുണ്ടെന്നു ഞാൻ പറയുന്നു.

MR. E. K. MADHAVAN: സർ, വിശ്വവിശ്രുതനായ മഹാത്മാഗാന്ധിയുടെ അഭിപ്രായത്തിന്റെ തണലിൽ നിന്നുകൊണ്ടുതന്നെ ശ്രീമതി നാരായണിയമ്മ അവതരിപ്പിച്ചിരിക്കുന്ന ഈ സ്ത്രീധനനിരോധന ബില്ലിനെ എതിർക്കേണ്ടിവന്നതിൽ ഞാൻ നിർവ്യാജം വ്യസനിക്കുന്നു. ഈ ബില്ലുകൊണ്ടു ആ ശ്രീമതി ഉദ്ദേശിച്ചഗുണം വാസ്തവത്തിലുണ്ടാകാൻ പോകുന്നില്ലെന്നാണ് എനിക്കു തോന്നുന്നതെന്നേ പറയുവാനുള്ളൂ. അതുകൊണ്ടു ബില്ലിനെ എതിർക്കാതിരിക്കുവാൻ നിവൃത്തിയില്ല.

MR. K. K. CHELLAPPAN PILLAI: ബഹുമാനപ്പെട്ട മെമ്പർ വിവാഹം കഴിച്ചിട്ടുണ്ടോ?

MR. E. K. MADHAVAN: ഇല്ല. (ചിരി)

ഈ ബില്ലിനെപ്പറ്റി വിവാഹിതരായ പലരുടെയും അഭിപ്രായം കേട്ടു. പല പിതാക്കന്മാരുടെയും അഭിപ്രായം കേട്ടു. അവിവാഹിതനായ മി. രാമകൃഷ്ണപിള്ള ഈ ബില്ലിനെ പിൻതാങ്ങി. അവിവാഹിതനായ ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

MR. P. K. KURIAKOSE: മെമ്പർ വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

MR. E. K. MADHAVAN: അത് സൗകര്യംപോലെ.

ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ മാതാപിതാക്കന്മാരുടെ വാത്സല്യത്തിനു പാത്രമായ ഒരു പുത്രിക്ക് വേണമെങ്കിൽ ആയിരം രൂപാവരെ ധനസഹായം ചെയ്യാമെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. ഇതിന്റെ മാനദണ്ഡം എന്താണ്? ഈ വ്യവസ്ഥ ബ്ലാക്കുമാക്കറുണ്ടാക്കുവാൻ വളരെ പര്യാപ്തമായിട്ടുള്ളതാണെന്നാണ് എന്റെ അഭിപ്രായം. ആയിരംരൂപാവരെ എന്നു പറഞ്ഞതിന്റെ അർത്ഥമെന്താണ്? ഈ പ്രകാരത്തിൽ വിവാഹം കഴിഞ്ഞു. ഒരു കൊല്ലത്തിനകം കൊടുത്താൽ മതി

LIBRARY ARCHIVES Kerala Legislative Assembly

യെന്നാണ വ്യവസ്ഥ. വിവാഹം നിശ്ചയിക്കുന്ന അവസരത്തിൽ ഈ വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനെപ്പറ്റി അതായത്, വിവാഹം കഴിഞ്ഞു കുറെ കൊല്ലത്തിനുശേഷം എപ്പോഴെങ്കിലും തുക കൊടുക്കുന്നതിനെപ്പറ്റി, ആലോചന നടക്കുമെന്നുള്ളതിന് സംശയമില്ല. അതിനെപ്പറ്റി വധുവും വരനും തമ്മിലോ അല്ലെങ്കിൽ അവരുടെ വീട്ടുകാർ തമ്മിലൊ ചിലരഹസ്യമായ വ്യവസ്ഥകളും ചെയ്തിരിക്കും. ഒടുവിൽ ആ വ്യവസ്ഥ പാലിച്ചില്ലെങ്കിലോ? ഭാര്യയും ഭർത്താവുംകൂടി കടിപിടിക്കുന്നതിന് ഒരു നല്ല വഴിയായി. തങ്ങളുടെ പുത്രിമാർ നല്ല നിലയിൽ എത്തിക്കാണ്മാൻ സാധാരണ മാതാപിതാക്കന്മാർ ആഗ്രഹിക്കുന്നതാണ്. ആ നിലയുള്ള വരന്മാർക്കു പുത്രിമാരുടെ ഭാവിജീവിതത്തിനു സഹായകമാകത്തക്ക നിലയിൽ ചെയ്യുൻ കഴിയുന്ന ധനസഹായത്തെക്കൂടി നിരോധിക്കുന്ന ഈ ബിൽ വാസ്തവത്തിൽ ഗുണത്തേക്കാൾ കൂടുതൽ ദോഷമാണ ചെയ്യുന്നത്.

MR. A. K. BHASKER: നിയമം ഉണ്ടെങ്കിലും ഇല്ലെങ്കിലും സ്ത്രീധന മെർപ്പാട വേണമെന്നാണോ മെമ്പർ പറയുന്നത്?

MR. E. K. MADHAVAN: കല്യാണം വേണ്ടെങ്കിൽ വേണ്ടെന്നവയ്ക്കാം. എന്താണ ഈ സ്ത്രീധനം കൊടുക്കുന്നതിനെപ്പറ്റി ഇത്ര നിർബ്ബന്ധിക്കുന്നത്? പുരുഷന്മാർ തങ്ങൾക്കു നല്ല ഒരു സംഖ്യ തന്നാൽമാത്രമെ വിവാഹം കഴിക്കാൻ തയാറുള്ളു എന്നു പറയുന്നു. കാനേഷുമാരിക്കണക്കിൻപ്രകാരം സ്ത്രീകളുടെ സംഖ്യ പുരുഷന്മാരുടെതിനേക്കാൾ കൂടുതലാണെന്നു കാണുന്നു. കുറെ പുരുഷന്മാർ കല്യാണം കഴിക്കുന്നില്ലെന്നുകൂടി തീരുമാനിച്ചാൽ സമുദായത്തിൽ കൂടുതൽ വിഷമങ്ങൾ ഉണ്ടാകുന്നതാണ. പുരുഷന്മാരെ ആവശ്യപ്പെടുന്ന പിതാക്കന്മാരെയും പെൺകുട്ടികളേയും സമീപിക്കുന്നവർക്ക് പണം കൊടുത്താലെ അവരെ കിട്ടുകയുള്ളു എന്നു ബോദ്ധ്യംവന്നാൽ പറയുന്ന തുക കൊടുത്തിട്ടെങ്കിലും ആ വിവാഹംനടത്താൻ ശ്രമിക്കുന്നതു കുറ്റമാണോ? അതുകൊണ്ടു പുരുഷന്മാർ ധനം ആവശ്യപ്പെടുന്ന സംപ്രദായത്തെയാണ് ആദ്യമായി നിർത്തേണ്ടതു്. ഈ ഘട്ടത്തിൽ ശ്രീമതി നാരായണിയമ്മയോടു എനിക്കു പറയാനുള്ളതു ഈ നിയമം ഉണ്ടാക്കുന്നതിന് മുൻപു് അതിനുവേണ്ടി ശക്തിയായ ഒരു പ്രചരണവേല നടത്തണമെന്നാണ്. അതിലേക്കു എന്റെ താല്പര്യമുണ്ടു്. അതിനെറ പരിസരങ്ങളിലുള്ള താലൂക്കുകളിലേക്കും ആ മഹതിയെ ക്ഷണിച്ചുകൊള്ളുന്നു. അവിടെവന്നു പ്രചരണവേല നടത്തിയശേഷം അപ്രകാരം ഒരു നിയമം ഇവിടെ കൊണ്ടുവന്നാൽ, പ്രയോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. K. Madhavan]

ജനകരമായിരിക്കും. അതുവരെ ഈ നിയമത്തെപ്പറ്റിയുള്ള പര്യാലോചന നിത്തിവയ്ക്കുകയാണു നല്ലതു്.

പെൺകുട്ടികൾക്കു കൂടുംബത്തിലുള്ള യാതൊരു സ്വത്തിനും അവകാശമില്ലാത്ത ചില സമുദായങ്ങളുണ്ടു്. സ്ത്രീധനം വേണ്ടാ എന്നുവച്ചാൽ അവർക്കു് കൂടുതൽ വൈഷമ്യങ്ങളുണ്ടാകും. അങ്ങനെയുള്ള വൈഷമ്യങ്ങളുണ്ടാകാതിരിക്കാൻവേണ്ടി അവരുടെ സ്വത്തവകാശത്തെ സംബന്ധിക്കുന്ന പ്രത്യേക ഒരു നിയമം ഉണ്ടായതിനുശേഷം മാതാപിതാക്കന്മാരുടെ ഇടയിലും സ്ത്രീപുരുഷന്മാരുടെ ഇടയിലും സ്ത്രീധന സംപ്രദായം നിർത്തൽ ചെയ്യേണ്ടതാണെന്നുള്ളതിനെപ്പറ്റി വേണ്ടിടത്തോളം പ്രചരണവേലകൾ നടത്തുകയും അങ്ങനെ ഈ ബില്ലിന് പ്രശാന്തവും അനുകൂലവുമായ ഒരന്തരീക്ഷം സമുദായമദ്ധ്യത്തിൽ സംജാതമാക്കുകയും ചെയ്തുകൊണ്ടു മാത്രമെ ശ്രീമതി നാരായണിയമ്മ ഈ ബിൽ അവതരിപ്പിക്കാവൂ എന്നാണു് എന്റെ അഭിപ്രായം. ഈ സഭയുടെ അടുത്ത സമ്മേളനത്തിൽ ഞാൻ ഇവിടെ ഉണ്ടെങ്കിൽ മി. ററി. കെ. നാരായണപിള്ള പറഞ്ഞതുപോലെ ഈ ബില്ലിനെ, സമുദായമദ്ധ്യത്തിൽ ഇതിനനുകൂലമായ ഒരു പശ്ചാത്തലം സൃഷ്ടിച്ചതിനുശേഷം നിശ്ചയമായും അനുകൂലിക്കുന്നതാണെന്നു ഞാൻ വാഗ്ദാനം ചെയ്തുകൊള്ളുന്നു. എന്നാൽ തൽക്കാലം എനിക്കു ഈ ബില്ലിനെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല.

MR. K. A. MAHOMED : സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. മുസ്ലിങ്ങളെ സംബന്ധിച്ചിടത്തോളം സ്ത്രീധനം.....

ADJOURNMENT MOTION.

MR. PULIYOOR T. P. VELAYUDHAN PILLAI : Sir, May I at the outset read the adjournment motion, which is as follows :

"I beg leave to move that the business of the House be adjourned for the purpose of discussing a definite matter of urgent public importance viz. the serious situation brought about by the decision of the Government of India to arbitrarily reduce the present price of rubber to Rs. 77·5 per 100 lbs. with effect from February 1946, while fixing and guaranteeing the price of Ceylon rubber at Re. 1 per lb. until September 1946 and the consequent suffering and irreparable loss which the rubber growers of Travancore are put to."

Sir, before coming to the merits of the motion which I have just now moved, I wish to explain certain circumstances which necessitated this motion of an extremely exceptional nature being moved on the floor of the House with a view to impress upon the immediate attention of the Government of India through this Government.....

LIBRARY ARCHIVES Kerala Legislative Assembly